# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 42 ലക്കം 6
വാർഷിക വരിസംഖ്യ ₹ 100

Pratheekshayude Poomottukal

Vol 42 No. 6
Annual Subscription ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ഒക്ടോബർ 2024

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ  വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



സ്വർഗമഹത്ത്വത്തിലേക്ക് ഉയർത്തപ്പെട്ട
സ്വർഗീയരാജ്ഞിയായ പരിശുദ്ധ അമ്മേ,
ഈലോകജീവിതവ്യാപാരങ്ങളെല്ലാം
സ്വർഗത്തിലെത്തിച്ചേരാനുള്ള
ഉപാധികളാക്കി മാറ്റുവാൻ
ഞങ്ങളെ സഹായിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 6**

**വാല്യം 42 ലക്കം 6 പള്ളിക്കൂദാശക്കാലം ഒക്ടോബർ 2024**

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)

## ഉള്ളടക്കം

- സഭ: മിശിഹായുടെ മണവാട്ടി — 5
- സഭാസമർപ്പണവും രക്ഷിക്കപ്പെട്ട സഭയും — 8
- സ്വർഗനാഥന്റെ ആഗമനം കാത്ത് — 11
- പള്ളിക്കൂദാശക്കാലം — 12
- ഇതു ബെസ്റ്റു മരുന്നാ... — 14
- സെനക്കിൾ തരംഗം — 16
- ഈ ജീവിതം എത്ര ആനന്ദകരം — 17
- അനുഭവം — 21
- ഏലിയാ — 22
- അങ്ങേക്കു സ്തുതി — 26
- മാറാനാ ഥാ — 28
- അമ്മയോടൊപ്പം — 30

എഡിറ്റോറിയൽ

# എല്ലാവരെയും ഉൾക്കൊള്ളുന്ന രാജ്യം

**നൂ**റ്റിനാല്പത്തിയഞ്ചു രാജ്യങ്ങളിൽനിന്നുള്ള ഒരു ലക്ഷത്തിയറുപതിനായിരം അനധികൃത കുടിയേറ്റക്കാരെ നടപ്പു സാമ്പത്തികവർഷത്തിൽ അമേരിക്ക പുറത്താക്കി എന്നത് കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളിലൊന്നാണ്. അവരിൽ ഒരു ലക്ഷത്തോളം ഇന്ത്യാക്കാരായിരുന്നു. അമേരിക്കൻ പ്രസിഡന്റു തിരഞ്ഞെടുപ്പിനു മുന്നോടിയായിട്ടായിരുന്നു ഈ നടപടി.

കുടിയേറ്റത്തിനും തിരിച്ചയയ്ക്കലിനുമുള്ള കാരണങ്ങളല്ല ഇവിടെ നമ്മുടെ ചിന്താവിഷയം; മറിച്ച്, നാം യഥാർത്ഥത്തിൽ കുടിയേറേണ്ടതും ആർക്കും കുടിയിറക്കാനാവാത്തതുമായ ദൈവരാജ്യമാണ്. മറ്റു രാജ്യങ്ങളിലുള്ളതുപോലെ കർശനമായ ഇമിഗ്രേഷൻ നിയമങ്ങളൊന്നും പ്രസ്തുത രാജ്യത്തിനില്ല. അവിടെയുള്ളത് സ്നേഹത്തിന്റെ നിയമം മാത്രമാണ് - ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നിയമം! അവിടെ എത്തിച്ചേരാനുള്ള മാർഗവും നേരത്തെതന്നെ നമുക്കു വെളിപ്പെട്ടു കിട്ടിയിരിക്കുന്നു!!

മഹത്ത്വപൂർണമായ സ്വർഗരാജ്യജീവിതം ധ്യാനവിഷയമാക്കുന്ന പള്ളിക്കൂദാശക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈലോകയാഥാർത്ഥ്യങ്ങൾ സ്വന്തമാക്കുവാനുള്ള തത്രപ്പാടിൽ വരുംലോകത്തിലേക്കുള്ള വെടിപ്പുള്ള വഴി നാം മറക്കരുത്. ഭൗതികതയുടെ കുത്തൊഴുക്കിൽ ആത്മീയതയുടെ വേരുകൾ വിട്ടുപോകാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതില്ലേ...? ഉന്നത വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും ജീവിതസാഹചര്യങ്ങളും മറ്റും വിശ്വാസത്തിന്റെ വഴികൾ ഉപേക്ഷിക്കാനുള്ള ഉറപ്പുകളായി കാണുന്ന ശൈലി സമൂഹത്തിൽ ഉയർന്നുവരുന്നുണ്ടോ എന്ന ആത്മശോധന, ദൈവസന്നിധിയിലേക്ക് മനമുയർത്താനുള്ള ഒരു വേദിയായി മാറട്ടെ. എല്ലാവരെയും ഉൾക്കൊള്ളുന്ന, നിത്യമായ ഉയിരേകുന്ന, സ്വർഗരാജ്യത്തിന്റെ മഹത്ത്വപ്രഭയിൽ ചെന്നെത്തുവാൻ നമുക്കു പരിശ്രമിക്കാം.

ചീഫ് എഡിറ്റർ



# സഭ: മിശിഹായുടെ മണവാട്ടി

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സീറോ മലബാർ സഭയുടെ കുർബാനക്രമത്തിൽ മദ്ബഹായുടെ വിരി നീക്കി, ധൂപാർപ്പണത്തോടുകൂടി ഉത്ഥാനഗീതം ആലപിക്കുന്നതിനു തൊട്ടുമുമ്പുള്ള പ്രാർത്ഥനയിൽ കാർമ്മികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ". ഈ പ്രാർത്ഥന, സ്വർഗീയ മണവാളനായ മിശിഹായെ മുഖാമുഖം ദർശിക്കാനും മണവാളനോടൊപ്പം നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കാനും വിളിക്കപ്പെട്ട മിശിഹായുടെ മണവാട്ടിയാണ് സഭ എന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു.

**സ്നാപകൻ: മണവാളന്റെ സ്നേഹിതൻ**

വി. യോഹന്നാന്റെ സുവിശേഷത്തിൽ സ്നാപകയോഹന്നാൻ സ്വയം വിശേഷിപ്പിക്കുന്നത് മിശിഹായാകുന്ന 'മണവാളന്റെ സ്നേഹിതൻ' എന്നാണ്. ഈശോയുടെ അടുത്തേക്ക് എല്ലാവരും പോകുന്നു എന്ന് സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനോട് പരാതി പറഞ്ഞപ്പോൾ, സ്നാപകൻ ഇപ്രകാരമാണ് മറുപടി പറഞ്ഞത്: "സ്വർഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. ഞാൻ മിശിഹായല്ല. പ്രത്യുത, അവനു മുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ സാക്ഷികളാണ്. മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ, എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,27-30). ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹം മണവാട്ടിയും ഈശോ മണവാളനുമാണെന്നും, സ്നാപകൻ ഈശോയാകുന്ന മണവാളന്റെ സ്നേഹിതൻ മാത്രമാണെന്നും ഇവിടെ യോഹന്നാൻസുവിശേഷകൻ വ്യക്തമായി പറയുന്നു.

**ദൈവജനം: ദൈവത്തിന്റെ മണവാട്ടി**

ഇസ്രായേൽജനം പഴയനിയമത്തിൽ ദൈവത്തിന്റെ മണവാട്ടിയായി ചിത്രീകരിക്കപ്പെടുന്നുണ്ട്. ഇസ്രായേൽ അവരുടെ ദൈവത്തെ വിട്ട് വിജാതീയദേവന്മാരുടെ പുറകെ പോകുന്ന സന്ദർഭങ്ങളെ, വിവാഹവാഗ്ദാനത്തോടു വിശ്വസ്തത പുലർത്താത്ത സന്ദർഭങ്ങളായി പഴയനി

യമം ചിത്രീകരിക്കുന്നുണ്ട്: "കർത്താവു മോശയോട് അരുളിച്ചെയ്തു: ഇതാ, നീ നിന്റെ പിതാക്കന്മാരോടുകൂടെ നിദ്ര പ്രാപിക്കാറായിരിക്കുന്നു. ഈ ജനം തങ്ങൾ വസിക്കാൻപോകുന്ന ദേശത്തെ അന്യദേവന്മാരെ പിഞ്ചെന്ന് അവരുമായി വേശ്യാവൃത്തിയിലേർപ്പെടുകയും എന്നെ പരിത്യജിക്കുകയും ഞാൻ അവരോടു ചെയ്തിട്ടുള്ള ഉടമ്പടി ലംഘിക്കുകയും ചെയ്യും" (നിയ 31,16). ഏശയ്യായുടെ പ്രവചനത്തിൽ "നിന്റെ സ്രഷ്ടാവാണ് നിന്റെ ഭർത്താവ്" എന്നു പറയുന്നു (ഏശ 54,5). പഴയനിയമ ദൈവജനത്തിന്റെ ഈ വിശേഷണം പുതിയനിയമത്തിൽ സഭയ്ക്കു നല്കപ്പെടുന്നതായി നാം കാണുന്നു. അവിടെ സഭയെ മിശിഹായുടെ മണവാട്ടിയായി ചിത്രീകരിക്കുന്നു. "നിർമ്മലയായ വധുവിനെ അവളുടെ ഭർത്താവിനെന്നതുപോലെ, നിങ്ങളെ മിശിഹായ്ക്കു സമർപ്പിക്കേണ്ടതിന്, മിശിഹായുമായി നിങ്ങളുടെ വിവാഹനിശ്ചയം ഞാൻ നടത്തി" എന്ന് വി. പൗലോസ്ശ്ലീഹാ പറയുന്നു (2 കോറി 11,2). എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധത്തെ മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തോട് ശ്ലീഹാ ഉപമിക്കുന്നു (എഫേ 5,22-33). അതുകൊണ്ട് മിശിഹായാണ് പുതിയനിയമ ദൈവജനമായ സഭയുടെ മണവാളൻ എന്നത് പഴയനിയമവും പുതിയനിയമവും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു.

**സ്നാപകന്റെ ദൗത്യം**

യഹൂദപാരമ്പര്യത്തിൽ മണവാളന്റെ സ്നേഹിതന് വിവാഹസന്ദർഭത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥാനമുണ്ട്. മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധത്തിന്റെ കണ്ണിയായി അയാൾ പ്രവർത്തിച്ചിരുന്നു. അയാളാണ് വിവാഹം ക്രമീകരിച്ചിരുന്നത്. വിവാഹത്തിനുള്ള ക്ഷണക്കത്തുകൾ അയച്ചിരുന്നതും വിവാഹാഘോഷ ചടങ്ങുകൾക്ക് ആദ്ധ്യക്ഷം വഹിച്ചിരുന്നതും അയാളാണ്. വധുവിനെയും വരനെയും ആനയിച്ചു കൊണ്ടുവരേണ്ടത് അയാളുടെ ഉത്തരവാദിത്വമാണ്. മണവറ കാത്തുസൂക്ഷിക്കേണ്ട ചുമതല അയാൾക്കായിരുന്നു. മറ്റാരും മണവറയിൽ പ്രവേശിക്കാൻ ഇടയാകാതെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം അയാൾക്കായിരുന്നു. മണവാളന്റെ സ്വരം ഇരുട്ടത്തു തിരിച്ചറിഞ്ഞ് മണവറയുടെ വാതിൽ തുറന്ന് മണവാളനെ മണവറയിൽ പ്രവേശിപ്പിക്കുവാനുള്ള ചുമതലയും അയാളുടേതായിരുന്നു. മണവാളനും മണവാട്ടിയും മണവറയിൽ പ്രവേശിച്ച് ഒന്നിച്ചായിക്കഴിയുമ്പോൾ അയാൾ തന്റെ ദൗത്യം പൂർത്തിയാക്കി സന്തോഷത്തോടെ പോകുമായിരുന്നു. ഇപ്രകാരം മണവാളനായ മിശിഹായെയും മണവാട്ടിയായ ദൈവജനത്തെയും ഒന്നിപ്പിക്കുവാനുള്ള ദൗത്യമായിരുന്നു യോഹന്നാൻ സ്നാപകന്റേത്. ആ ദൗത്യം പൂർത്തിയാക്കിക്കഴിയുമ്പോൾ അയാൾ സന്തോഷത്തോടെ സ്വയം അപ്രത്യക്ഷനാകും.

**ദൗത്യനിർവഹണത്തിന്റെ സന്തോഷം**

"മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്ന് മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു" (യോഹ 3,29). "എല്ലാവരും അവന്റെ അടുത്തേക്കു പോവുകയാണ്" (യോഹ 3,26) എന്ന് തന്റെ ശിഷ്യന്മാർ പറഞ്ഞപ്പോൾ, ഇസ്രായേൽ, അഥവാ പഴയനിയമദൈവജനമാകുന്ന മണവാട്ടി മണവാളനായ ഈശോയുടെ പക്കലേക്കു പോകുന്നുവെന്ന് യോഹന്നാൻ സ്നാപകൻ മനസ്സിലാക്കി. ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ പുതിയ ദൈവജനം. പുതിയ ദൈവജനത്തെ ഈശോയുടെ പക്കലേക്ക് ആനയിക്കാനുള്ള തന്റെ ദൗത്യം പൂർത്തിയായിരിക്കുന്നു എന്നു മനസ്സിലാക്കി സ്നാപകൻ സന്തോഷിക്കുന്നു: "എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു" (യോഹ 3,29). താൻ എന്തിനുവേണ്ടി ദൈവത്താൽ അയയ്ക്കപ്പെട്ടുവോ, ആ ദൗത്യനിർവഹണം പൂർത്തിയായിരിക്കുന്നു എന്ന അനുഭവമാണ് സ്നാപകന്റെ ഈ സന്തോഷത്തിനു കാരണമായത്. ആദിമക്രൈ

സ്തവസമൂഹം യഹൂദക്രൈസ്തവസമൂഹമായിരുന്നല്ലോ (ശ്ലീഹാ 2,41). യഹൂദജനം ഈശോയുടെ പക്കലേക്കു പോകുന്നതു കണ്ട് തന്റെ ദൗത്യനിർവഹണത്തിൽ സന്തോഷിക്കുന്ന യോഹന്നാൻ സ്നാപകനെയാണ് നാം ഇവിടെ കാണുന്നത്.

**സ്നാപകന്റെ ദൗത്യം: ക്രൈസ്തവദൗത്യം**

ജനങ്ങളെ നാം നമ്മിലേക്കല്ല, ഈശോയിലേക്കാണ് അടുപ്പിക്കേണ്ടതെന്ന് ഇതു നമുക്കു മനസ്സിലാക്കിത്തരുന്നു. എല്ലാ ക്രൈസ്തവരുടെയും ദൗത്യമാണ് എല്ലാ മനുഷ്യരെയും ഈശോയിലേക്ക് അടുപ്പിക്കുക എന്നത്. എല്ലാ ക്രൈസ്തവരെയും സംബന്ധിച്ചിടത്തോളം ഇതു പ്രസക്തമാണെങ്കിലും പുരോഹിതരും സമർപ്പിതരും ഇക്കാര്യം ഗൗരവമായി കരുതേണ്ടതാണ്. കാരണം, അവരാണല്ലോ സഭയിൽ പ്രത്യേക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്നത്. അവരുടെ ജീവിതവും പ്രവർത്തനങ്ങളും ദൈവജനത്തെ വിശ്വാസത്തിലും അവിടുത്തോടുള്ള സ്നേഹത്തിലും വളർത്തുവാൻ ഉപകരിക്കുന്നതാവണം. അതുകൊണ്ട് ഈശോയിൽ വിശ്വസിക്കുന്നവരും ഈശോയ്ക്കു ജീവിതം സമർപ്പിക്കുന്നവരും വർദ്ധിക്കുവാൻ നാം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും വേണം. അപ്രകാരം സംഭവിക്കുമ്പോൾ നാം സന്തോഷിക്കുകയും വേണം.

**അവൻ വളരുകയും ഞാൻ കുറയുകയും വേണം**

യോഹന്നാൻ സ്നാപകൻ തന്റെ വാക്കുകൾ അവസാനിപ്പിക്കുന്നത് ഈ പ്രസ്താവനയോടുകൂടിയാണ്: "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,30). നമ്മുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെയും പ്രയത്നത്തിന്റെയും ഫലമായി മറ്റുള്ളവർ ഈശോയിൽ വിശ്വസിക്കുകയും ഈശോയ്ക്കു തങ്ങളുടെ ജീവിതം സമർപ്പിക്കുകയും ചെയ്യുമ്പോൾ നാം സന്തോഷിക്കണം. ഇതത്ര എളുപ്പമുള്ള കാര്യമല്ല. നമ്മുടെ പരിശ്രമഫലമായിട്ടാണ് അവർ മിശിഹായിൽ വിശ്വസിക്കുവാനും അവിടുത്തേക്കു ജീവിതം സമർപ്പിക്കുവാനും ഇടയായതെന്ന് എല്ലാവരും അംഗീകരിക്കണമെന്നും അതിനു നമ്മെ അഭിനന്ദിക്കണമെന്നുമുള്ള ആഗ്രഹം മാനുഷികമായി നമ്മിലുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അതിനു പ്രാധാന്യം നല്കാതെ സന്തോഷത്തോടെ മിശിഹായെ പ്രഘോഷിക്കുവാനും മിശിഹായോട് അനേകരെ അടുപ്പിക്കുവാനും നാം പരിശ്രമിക്കണം. ദൈവം നമ്മെ ഏല്പിക്കുന്ന ദൗത്യം, ദൈവമഹത്ത്വവും മറ്റുള്ളവരുടെ നന്മയുംമാത്രം ലക്ഷ്യമാക്കി മിശിഹായെ പ്രഘോഷിക്കുവാൻ നമുക്കു സാധിക്കണമെന്നുള്ളതാണ്. അതിനു പ്രചോദനം നല്കുന്ന ഒരു വ്യക്തിത്വമാണ് സ്നാപകയോഹന്നാനിൽ നമുക്കു കാണാൻ കഴിയുന്നത്.

**മുടിചൂടി നില്ക്കുന്ന സഭ**

സീറോ മലബാർ കുർബാനക്രമത്തിൽ സഭ വിശേഷിപ്പിക്കപ്പെടുന്നത്, "സകല നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭ" എന്നാണ്. മദ്ബഹായുടെ വിരി തുറന്ന് ത്രിത്വൈക ദൈവത്തെ ധൂപാർപ്പണത്തോടുകൂടി നമിക്കുന്നതിനു മുമ്പാണ് ഈ പ്രാർത്ഥന നാം ചൊല്ലുന്നത്. ഉത്ഥിതനായ മിശിഹായുടെ രണ്ടാം ആഗമനം ഇവിടെ അനുസ്മരിക്കപ്പെടുന്നുണ്ട്. മിശിഹായുടെ രണ്ടാമാഗമനത്തിൽ മിശിഹായുടെ സ്വർഗീയമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയാണല്ലോ സഭാസമൂഹത്തിനുള്ളത്. അപ്രകാരം മണവാളനായ മിശിഹായോടൊപ്പം സ്വർഗീയ മണവറയിൽ പ്രവേശിക്കുന്നതിനായി നന്മകളും സുകൃതങ്ങളുംകൊണ്ട് സ്വയം അലങ്കരിക്കുവാൻ സഭാംഗങ്ങളായ നാം പരിശ്രമിച്ചുകൊണ്ടിരിക്കണം. സ്വർഗീയ മണവാളനായ മിശിഹാ തന്റെ വചനത്തിലൂടെയും ശരീരരക്തങ്ങളിലൂടെയും മണവാട്ടിയായ സഭയോട് ഐക്യപ്പെടുന്ന നിമിഷങ്ങളാണ് പരിശുദ്ധ കുർബാനയുടെ നിമിഷങ്ങൾ. പരിശുദ്ധ കുർബാനയിലുള്ള ഈ ഐക്യമാണ് മരണാനന്തരം സ്വർഗീയ മണവറയിൽ ത്രിയേക ദൈവത്തോടും സ്വർഗീയഗണങ്ങളോടുമുള്ള ഐക്യത്തിലും സന്തോഷത്തിലും പൂർത്തീകരിക്കപ്പെടുന്നത്.




**റവ. ഡോ. സേവ്യർ മാറാമറ്റം**
**സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി**
**വടവാതൂർ**

**ആ**രാധനാവത്സരത്തിലെ ഏറ്റവും അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശാക്കാലം. സഭയുടെ യുഗാന്തോന്മുഖത വെളിപ്പെടുത്തുന്ന ഈ കാലഘട്ടം മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു. പഴയനിയമത്തിലെ നാല് കൂടാരപ്രതിഷ്ഠകളുടെ അടിസ്ഥാനത്തിലാണ് നവംബർ 27 നു മുമ്പുള്ള ഈ നാല് ആഴ്ചകൾ ക്രമീകരിച്ചിരിക്കുന്നത്. സഭാസമർപ്പണത്തിന്റെ ഈ കാലത്തിൽ, രക്ഷിക്കപ്പെട്ട സഭയാകുന്ന മണവാട്ടി തന്റെ മണവാളനായ മിശിഹായ്ക്കു പൂർണമായി സമർപ്പിച്ച് സ്വർഗീയ മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നതിന്റെ മുന്നാസ്വാദനമാണ് അനുസ്മരിക്കുന്നത് (സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം, പേജ് 214).

മിശിഹായുടെ മൗതികശരീരമായ തിരുസഭയിലൂടെ ഈശോയുടെ മനുഷ്യാവതാര രഹസ്യം, പീഡാനുഭവ മരണോത്ഥാന രഹസ്യം, പ്രത്യാഗമനം തുടങ്ങിയവ പല ഘട്ടങ്ങളായി അനുസ്മരിക്കാൻ തുടങ്ങി. ഇപ്രകാരം സഭ ഒരു വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന ആരാധനാവത്സരത്തിന്റെ ആചരണത്തിലൂടെ മിശിഹാരഹസ്യവും മിശിഹായുടെ തുടർച്ചയായ സഭയുടെ രഹസ്യവും ആഘോഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു: “ഇപ്രകാരം രക്ഷണീയ രഹസ്യങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട് തിരുസഭ തന്റെ നാഥന്റെ ശക്തിയുടെയും യോഗ്യതകളുടെയും അനർഘ നിക്ഷേ

പങ്ങൾ വിശ്വാസികൾക്കു തുറന്നു കൊടുക്കുന്നു. അങ്ങനെ മിശിഹായുടെ രക്ഷണീയ രഹസ്യങ്ങൾ ആരാധനാവത്സരത്തിലൂടെ എല്ലാ സമയത്തും അവതരിപ്പിക്കപ്പെടുകയും വിശ്വാസികൾ ഈ രഹസ്യങ്ങൾ ഗ്രഹിച്ച് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു" (ആരാധനക്രമം 102).

ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദു അൾത്താരയിലെ ദിവ്യബലിയാണ്. രക്ഷാകരചരിത്രത്തിന്റെ പുനരവതരണമാണ് ദിവ്യബലിയിലൂടെ സാധിതമാകുന്നത്. രക്ഷാകരചരിത്രം പൂർത്തീകരിക്കപ്പെടുന്നത് മിശിഹായുടെ മനുഷ്യാവതാരത്തിലൂടെയും പരസ്യജീവിതത്തിലൂടെയും പീഡാസഹന മരണോത്ഥാനങ്ങളിലൂടെയുമാണല്ലോ. മിശിഹായുടെ ജീവിത-മരണോത്ഥാനത്തിലൂടെ മനുഷ്യവർഗം മുഴുവൻ രക്ഷാകരമായ അവസ്ഥയിലേക്ക് ഉയർത്തപ്പെട്ടു. ഇതാണ് മിശിഹാസംഭവം എന്നു വിളിക്കപ്പെടുന്നത്. അതിനാൽ ഈ മിശിഹാസംഭവത്തിൽ സജീവമായി പങ്കുകൊണ്ടാൽമാത്രമേ മനുഷ്യരക്ഷ സ്വായത്തമാക്കാൻ നമുക്കു സാധിക്കൂ. ഈ ഭൗതികതലത്തിൽ തിരുസഭയിലൂടെയാണ് ഈ മിശിഹാസംഭവത്തിൽ നമുക്കു പങ്കുപറ്റുവാൻ സാധിക്കുന്നത്. തിരുസഭയിൽ, ആരാധനാവത്സരത്തിലൂടെ, വി. കുർബാനയിലെ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും രക്ഷാകരചരിത്രം പുനരവതരിപ്പിക്കപ്പെടുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു: "പ്രകാശസ്രോതസ്സിൽനിന്നെന്നപോലെ ഉയിർപ്പുദിനത്രയത്തിൽ തുടങ്ങുന്ന പുനരുത്ഥാനത്തിന്റെ പുതുയുഗം, തന്റെ പ്രഭകൊണ്ട് ആരാധനാവത്സരത്തെ മുഴുവനും നിറയ്ക്കുന്നു. ക്രമേണ ആരാധനക്രമം ഈ സ്രോതസ്സിന്റെ ഓരോ വശത്തും ആരാധനാവർഷത്തെ രൂപാന്തരപ്പെടുത്തുന്നു. അതു യഥാർത്ഥത്തിൽ "കർത്താവിനു സ്വീകാര്യമായ വർഷം" ആണ്. ... ഇപ്രകാരം ദൈവരാജ്യം നമ്മുടെ സമയത്തേക്കു പ്രവേശിക്കുകയും ചെയ്യുന്നു (CCC 1168).

പള്ളിക്കൂദാശ കാലഘട്ടത്തിൽ മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു. ദൈവവുമായുള്ള നമ്മുടെ സമ്പൂർണ ഐക്യമാണ് ഈ കാലഘട്ടത്തിന്റെ ഉദ്ദേശ്യവും സന്ദേശവും. വി. കുർബാനയിലെ പള്ളിക്കൂദാശക്കാലത്തിന്റെ പ്രാരംഭപ്രാർത്ഥനയിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു: "സഭയുടെ മഹത്ത്വീകരണം അനുസ്മരിക്കുന്ന ഞങ്ങളെ വിശുദ്ധിയോടെ ഈ കുർബാനയർപ്പിക്കാനും മാലാഖമാരോടൊത്ത് അങ്ങയെ സ്തുതിക്കാനും ശക്തരാക്കണമേ". തുടർന്ന് 147, 148, 149, 150 എന്നീ സങ്കീർത്തനങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് "കർത്താവിൻ തിരുഭവനത്തിൽ നാഥനെ വാഴ്ത്തിപ്പാടുകയും" ചെയ്യുന്നു.

പള്ളിക്കൂദാശക്കാലത്തിന് മംഗളവാർത്തക്കാലംപോലെതന്നെ നാല് ആഴ്ചകളാണുള്ളത്. ഇതിൽ ആദ്യത്തെ ഞായറാഴ്ചയിലെ ദൈവവചനം വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽനിന്നുള്ള പത്തു കന്യകകളുടെ ഉപമമാണ്. ഈ ഉപമയിലെ മണവാളന്റെ ആഗമനം മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും പത്തു കന്യകകൾ അവിടുത്തെ പ്രതീക്ഷിച്ചിരിക്കുന്ന ക്രൈസ്തവ സമൂഹത്തെയും പ്രതിനിധാനം ചെയ്യുന്നു. പള്ളിക്കൂദാശക്കാലം രണ്ടാം ഞായറാഴ്ച വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായത്തിലൂടെ ക്രിസ്തുശിഷ്യൻ ആരായിരിക്കണം എന്നും ക്രിസ്തുശിഷ്യന്റെ പ്രതിഫലം എന്താണ് എന്നും വ്യക്തമാക്കുന്നു. "എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടിയായി ലഭിക്കും. അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും". പള്ളിക്കൂദാശക്കാലം മൂന്നാം ഞായറാഴ്ച വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിലെ താലന്തുകളുടെ ഉപമയിലൂടെ തിരുസഭാമാതാവ് നമ്മെ ഓർമ്മപ്പെടുത്തുക, നാമോരോരുത്തരും ദൈവത്തിൽനിന്നും വിവിധങ്ങളായ ദാനങ്ങളും വിവി

ധങ്ങളായ താലന്തുകളും സ്വീകരിച്ചവരാണെന്നും നമുക്കു ഭരമേല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ ദൈവഹിതത്തിനനുസൃതമായി വിശ്വസ്തതയോടെ നിറവേറ്റി ദൈവമക്കളുടെ പദവിക്കനുസൃതമായി ജീവിക്കുമ്പോഴാണ് യുഗാന്തത്തിൽ ദൈവസന്നിധിയിൽ വിലയുള്ളവരായിത്തീരുന്നതെന്നുമാണ്.

ആരാധനാവത്സരത്തിന്റെ അവസാനത്തെ ഞായറാഴ്ച ഈശോയുടെ രാജത്വതിരുനാൾ നാം അനുസ്മരിക്കുകയാണ്. 1925 ൽ Quas Primas എന്ന തിരുവെഴുത്തിലൂടെ 11-ാം പീയൂസ് മാർപാപ്പ ഈശോ ലോകം മുഴുവൻ ഭരിക്കുന്ന രാജാവായ ദൈവപുത്രനാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. പുതിയനിയമത്തിൽ ഈശോ തന്റെ രാജ്യത്തെക്കുറിച്ചുള്ള മാനുഷിക ചിന്തകൾ മാറ്റിമറിക്കുകയും പുനർനിർവചിക്കുകയും ചെയ്തു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ, 'ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു' എന്നു പറയുന്നുണ്ട് (ലൂക്കാ 24,21). ഇതുപോലെതന്നെ യോഹ 6,15 ൽ ജനക്കൂട്ടം തന്നെ രാജാവാക്കാൻവേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ ഈശോ തനിയെ മലമുകളിലേക്കു പിൻമാറി എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്താണ് മറ്റു രാജാക്കന്മാരിൽനിന്നും രാജത്വങ്ങളിൽനിന്നും മിശിഹാ എന്ന രാജാവിനെയും അവന്റെ രാജത്വത്തെയും വ്യത്യസ്തമാക്കുന്നത്? വി. യോഹന്നാന്റെ സുവിശേഷം 18-ാം അദ്ധ്യായത്തിൽ 'നീ യഹൂദന്മാരുടെ രാജാവാണോ' എന്ന് പീലാത്തോസ് ഈശോയോടു ചോദിക്കുന്നുണ്ട്. ഈശോ അതിനു കൊടുക്കുന്ന ഉത്തരം 'എന്റെ രാജ്യം ഐഹികമല്ല' എന്നാണ്. ഇതിനർത്ഥം, ഈ ലോകത്തിന്റെ കാഴ്ചപ്പാടിലുള്ള, ഈ ലോകത്തിന്റെ അതിർത്തികളാൽ വേർതിരിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യത്തിന്റെ രാജാവല്ല മിശിഹാ എന്നതാണ്. സഖറിയാ പ്രവാചകൻ 9-ാം അദ്ധ്യായത്തിൽ പ്രവചിക്കുന്നതുപോലെ, "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക, ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതയുടെ പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത് കയറിവരുന്നു. ... അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റം വരെയും ആയിരിക്കും" (സഖ 9,9-10). ഇതിനർത്ഥം അവന്റെ രാജത്വം ഭൂമിയുടെ അതിർത്തികളാൽ പരിമിതമായ ഒന്നല്ല. പ്രത്യുത, ദൈവസ്നേഹത്തിന്റെ അളവുകോലാൽ മനുഷ്യഹൃദയത്തെ മുഴുവൻ ഭരിക്കുന്ന, ദേശത്തിനും കാലത്തിനും വംശത്തിനും ലോകരാജ്യങ്ങളുടെ അതിർവരമ്പുകൾക്കും അതീതമായ ഒന്നാണെന്നാണ്. ഈ പള്ളിക്കൂദാശക്കാലഘട്ടത്തിൽ രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനുമായ മിശിഹായുടെ രാജത്വം വിശ്വാസത്തോടെ ഏറ്റുപറഞ്ഞ് രക്ഷകന്റെ പിറവിയ്ക്കായി ഒരുങ്ങുന്ന അടുത്ത ആരാധനാവത്സരത്തിലേക്കു നമുക്കു പ്രവേശിക്കാം.



# സ്വർഗനാഥന്റെ ആഗമനം കാത്ത്



മാനവവംശത്തിനു രക്ഷ പകർന്നരുളാൻ
നരനായ് ഈ ധരയിൽ ജാതനായ് ദൈവസുതൻ
തന്നുടെ പാവനമാം ജീവിതം പൂർണ്ണമായി
സ്വർഗീയതാതൻസ്നേഹം നൽകുവാൻ സമർപ്പിച്ചു

ദൈവിക രാജ്യമതിൻ സുവിശേഷവുമായി
നാടെങ്ങും സഞ്ചരിച്ചു നന്മകൾ ചെയ്തുനീങ്ങി
തിന്മതൻ ബന്ധനംനീക്കി രോഗത്തിൽ സൗഖ്യംനൽകി
പ്രാർത്ഥിക്കാൻ പഠിപ്പിച്ചു നല്ല പാഠങ്ങൾ നൽകി

സ്വന്ത മാംസനിണങ്ങൾ വിലയായ് നൽകിയല്ലോ
പാപമാം അടിമത്തം ഭേദിച്ചു ഈശോനാഥൻ
ദുർബലരായീടുന്ന ഞങ്ങൾ തൻ വിശ്വാസത്തെ
ദൃഢമായ് തീർത്തീടണേ ശക്തരായ് മാറ്റീടണേ

കർത്താവിൻ ദാനമായ താലന്ത് പൂർണ്ണമായും
വളർത്തി വേണ്ടവിധം ദാനമായ് തീർന്നീടുവാൻ
ഈ ലോക ജീവിതത്തിൽ സ്നേഹത്തിൽ വർത്തിച്ചെന്നും
വിശുദ്ധി നിറയുവാൻ വരം നീ ചൊരിയണേ

വിശുദ്ധ കുർബ്ബാനയും പ്രാർ ത്ഥനാജപങ്ങളും
നിത്യവും നൽകി നാഥൻ സാന്നിദ്ധ്യം തന്നരുളി
ജീവിക്കും ദൈവത്തിന്റെ പുത്രനാം ഈശോനാഥാ
നിന്നുടെ ആഗമനം കാത്തു കഴിപ്പൂ ഞങ്ങൾ

ബ്ലെസ്സി ചേക്കയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സ്ലീവാതൻ അടയാളമായങ്ങ് വാനമേഘേ
ദൂതഗണങ്ങളൊപ്പം പ്രത്യക്ഷനാകും നേരം
നിർമ്മല ഹൃദയരായ് നിൻ കാരുണ്യത്തിലന്ന്
നിന്നെ എതിരേൽക്കുവാൻ യോഗ്യത ഏകീടണേ

സ്വജീവൻ വിലയായി നൽകി നീ പാലിച്ചീടും
സഭയാം മണവാട്ടി നിത്യവും പ്രശോഭിക്കാൻ
നിത്യവിരുന്നിനായ് അണയും നേരമതിൽ
നിൻ സ്തുതി പാടീടുവാൻ നൽകിടൂ കൃപാവരം



# പള്ളിക്കൂദാശക്കാലം (കൂദാശ് ഏത്താ)

റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
ചങ്ങനാശ്ശേരി അതിരൂപത

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ച കളാണ് പള്ളിക്കൂദാശക്കാല മായി ആചരിക്കുന്നത്. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വര വിനായി ഒരുങ്ങുന്ന ഏലിയാ- സ്ലീവാ - മൂശെ കാലങ്ങളുടെ തുടർച്ചയും പൂർത്തീകരണവുമാണ് പള്ളിക്കൂദാശക്കാലം. പള്ളിയുടെ കൂദാശ - സഭയുടെ വിശുദ്ധീകരണം - എന്നാണ് ഇതിന്റെ വാച്യാർത്ഥം. മിശിഹാ യുടെ രക്ഷാരഹസ്യങ്ങളിലൂടെ വിശുദ്ധീകരി ക്കപ്പെട്ട സഭയെ യുഗാന്ത്യത്തിൽ രക്ഷകനായ ഈശോ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതിനെയാണ് ഈ കാലത്ത് ധ്യാനവിഷയമാ ക്കുന്നത്. അതുകൊണ്ട് സഭാസമർപ്പണകാലമെന്ന് ഈ കാലത്തെ വിളിക്കാറുണ്ട്. സ്വർഗത്തിൽ മഹത്ത്വത്തിന്റെ കിരീടമണിഞ്ഞു നില്ക്കുന്ന സഭയാകുന്ന, മിശിഹായുടെ മണവാട്ടിയുടെ ചിത്ര മാണ് ഈ കാലത്തിന്റെ ഐക്കൺ.

പെസഹാപ്രഭാഷണത്തിൽ ഈശോ ശ്ലീഹന്മാരോടു പറഞ്ഞു: "എന്റെ പിതാവിന്റെ ഭവന ത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നുവെങ്കിൽ അക്കാര്യം നിങ്ങളോടു ഞാൻ പറയുമായിരുന്നു. നിങ്ങൾക്കു സ്ഥലമൊരുക്കാനാണല്ലോ ഞാൻ പോകുന്നത്. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കിയതിനുശേഷം, ഞാൻ വീണ്ടും വന്ന് എന്റെയടുക്കലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടു പോകും" (യോഹ 14,2-3). ഈശോ നല്കിയ ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് സഭ യുടെ സ്വർഗപ്രവേശനത്തിൽ നാം കാണുന്നത്.

സഭ സ്വർഗോന്മുഖമായി തീർത്ഥാടനം ചെയ്യുകയാണ്. "ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ല; വരാനിരിക്കുന്നതിനെയാണ് നാം പ്രതീക്ഷിക്കുന്നത്" (ഹെബ്രാ 13,14); "നമ്മുടെ പൗരത്വം സ്വർഗത്തിലാണ്" (ഫിലി 3,20). ഇന്ന് ലോകത്തിന്റെ പ്രകാശമായിരിക്കുന്ന (Lumen Gentium) സഭ വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമാണ് (Sign and Sacrament of Salvation).

ലോകത്തിലായിരിക്കുന്ന സഭയുടെ പ്രതീകമാണ് ദൈവാലയം. അതുകൊണ്ട് പള്ളിക്കൂദാശക്കാലത്തെ നാലു ഞായറാഴ്ചകളിൽ പഴയനിയമത്തിലെ നാലു ദൈവാലയപ്രതിഷ്ഠകളെപ്പറ്റി നാം വായിച്ചുകേൾക്കുന്നു (പുറ 40,1-17; സംഖ്യ 9,15-18; 1 രാജാ 8,62-66; എസ്രാ 3,2-13). ഇവയുടെ അടിസ്ഥാനത്തിലാണ് ഈ കാലത്തെ നാല് ആഴ്ചകളായി ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ ഈ ലോകത്തിലെ മനുഷ്യനിർമ്മിതമായ ദൈവാലയങ്ങൾ കേവലം താല്ക്കാലികവും ക്ഷണികവും നശ്വരവുമാണെന്നും അവ സ്വർഗീയദൈവാലയത്തിന്റെ പ്രതീകങ്ങൾ മാത്രമാണെന്നും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. യഥാർത്ഥ ദൈവാലയം ദൈവം വസിക്കുന്ന സഭയാണ്. അത് ഉത്ഥിതനായ ഈശോയുടെ തുടർച്ചയാണ്; അവിടുത്തെ മൗതികശരീരമാണ്. ഈശോയോടുകൂടെ സ്വർഗീയമഹത്ത്വം സ്വീകരിക്കുവാനും പിതാവിന്റെ ഭവനത്തിൽ ആയിരിക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു.

പള്ളിക്കൂദാശക്കാലത്തിന്റെ രണ്ടു പ്രതീകങ്ങൾ മത്തായി അറിയിച്ച സുവിശേഷം 25-ാം അദ്ധ്യായത്തിൽ കാണാം.

**1. പത്തു കന്യകമാരുടെ ഉപമ (25,1-13)**

മിശിഹായുടെ രണ്ടാമത്തെ വരവിൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വിശുദ്ധിയുടെയും എണ്ണ നിറഞ്ഞു ജ്വലിക്കുന്ന ദീപങ്ങളായി അവിടുത്തെ എതിരേല്ക്കുന്നവർക്കേ സ്വർഗീയ മണവറയിൽ പ്രവേശനമുള്ളൂ.

**2. അന്ത്യവിധി (25,31-45)**

കർത്താവിന്റെ എളിയ സഹോദരർക്കു നന്മ ചെയ്തുകൊണ്ട് അവിടുത്തെ സ്നേഹിക്കുന്നവർക്കേ സ്വർഗഭാഗ്യത്തിന് അർഹതയുള്ളൂ.

ദൈവതിരുമനസ്സിന് നമ്മെ പൂർണമായി സമർപ്പിക്കുമ്പോൾ ദൈവരാജ്യം നമ്മിൽ സമാഗതമാകുന്നു. "ദൃശ്യമായ അടയാളങ്ങളോടെയല്ല ദൈവരാജ്യം വരുന്നത്. ... കാരണം ഇതാ ദൈവരാജ്യം നിങ്ങളിൽ തന്നെയാകുന്നു" (ലൂക്കാ 17,20-21).

വിധിയാളനായ ഈശോമിശിഹായുടെ മഹത്ത്വപൂർണമായ പ്രത്യാഗമനത്തിൽ മനോവിശ്വാസത്തോടെ അവിടുത്തെ എതിരേല്ക്കാനും സ്വർഗീയ ഗണങ്ങളോടു ചേർന്ന് അവിടുത്തെ സ്തുതിക്കാനും നമുക്ക് ഒരുങ്ങാം.

> *"സ്വർഗരാജ്യം അവകാശപ്പെടുത്തുന്നതിന് എല്ലാം ദാനം ചെയ്യണം; വാക്കുകൾ മാത്രം പോരാ, പ്രവൃത്തികളും വേണം. ... സ്വർഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയുന്നതിനു നാം രാജ്യത്തിൽ പ്രവേശിക്കണം, അതായത്, മിശിഹായുടെ ശിഷ്യരാകണം. 'പുറത്തു' നില്ക്കുന്നവർക്ക് എല്ലാം ദുർഗ്രഹവും നിഗൂഢവുമാണ്"*
>
> *(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 546)*




# ഇതു ബെസ്റ്റു മരുന്നാ....

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഇ**തു മനഃശാസ്ത്രജ്ഞന്റെ അനുഭവം....

അപകടത്തിൽപെട്ട് സാരമായ പരിക്കുകളോടുകൂടി രണ്ടു യുവാക്കളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആശുപത്രി കിടക്കയിൽ കിടന്നുകൊണ്ട് സഞ്ചരിച്ച വാഹനത്തെയും ഡ്രൈവറെയും ശപിച്ച്, ചികിത്സിക്കാനെത്തിയ ഡോക്ടറെയും നേഴ്സുമാരെയും കുറ്റം പറഞ്ഞ്, തനിക്കു നേരിട്ട ദുരന്തത്തെയോർത്ത് പഴിച്ചും പരിതപിച്ചും അലറിക്കരഞ്ഞ യുവാവിന്റെ ആരോഗ്യസ്ഥിതി 'വളരെ വേഗം വഷളായി'!

എന്നാൽ തൊട്ടടുത്ത മുറിയിൽ അതേ ബസപകടത്തിൽ ഗുരുതരമായ പരിക്കുകളേറ്റ യുവാവ് 'വളരെ വേഗം സുഖം പ്രാപിച്ചത്' "നന്ദി" എന്ന ദിവ്യൗഷധംകൊണ്ടാണ്. ശരീരം അനക്കാൻ പറ്റാത്ത അവസ്ഥയിലും ശസ്ത്രക്രിയ വിജയകരമായി നടത്തിയ ഡോക്ടർക്ക് ഒരു കൈ ഉയർത്തി ആ യുവാവ് നന്ദി പറഞ്ഞു. മുറിവുകൾ വച്ചുകെട്ടുകയും ഇഞ്ചെക്ഷൻ എടുക്കുകയും ചെയ്യുന്ന നേഴ്സുമാരോട് വേദനയുടെയിടയിലും സുസ്മേരവദനനായി നന്ദി പറഞ്ഞു! കിടക്ക വിരിക്കാനെത്തിയവർ, മുറി വൃത്തിയാക്കാൻ വന്നവർ തുടങ്ങി തന്നെ സമീപിച്ച സകലരോടും നന്ദി പറഞ്ഞുകൊണ്ട് നന്ദിയുടെ മഴവില്ല് ആ യുവാവ് ആ മുറിയിൽ വിരിയിച്ചു. വേദനയുടെ നടുവിലും നന്ദിയുടെ സങ്കീർത്തനമായി അവൻ മാറി. അവൻ നന്ദിയുടെ ഗാനങ്ങൾ രചിക്കുകയും അതു മൂളിക്കൊണ്ടിരിക്കുകയും ചെയ്തു. മെഡിക്കൽ സയൻസിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് വളരെ വേഗം സുഖം പ്രാപിച്ച് ചുറുചുറുക്കോടെ ആശുപത്രിയുടെ പടികളിറങ്ങുമ്പോൾ ആ യുവാവിനെ നോക്കി, രണ്ടു യുവാക്കൾക്കും കൗൺസിലിംഗ് നല്കിയ മനഃശാസ്ത്ര വിദഗ്ധൻ പറഞ്ഞു: "ബെസ്റ്റ് മരുന്നാ നന്ദി".

ചങ്ങാതീ, ഇതു വായിക്കുവാൻ മനസ്സുകാണിച്ച നിന്നോടു നന്ദി പറഞ്ഞുകൊണ്ട് എനിക്കും നിനക്കും അറിയാവുന്ന ആ വാചകം ഒന്നുകൂടി ആവർത്തിക്കട്ടെ.... *A Grateful Heart is a Great Heart*. സകല നന്മകളും സ്വീകരിക്കാൻ യോഗ്യമായിരിക്കുന്ന പാത്രംപോലെയാണ് നന്ദി നിറഞ്ഞ ഹൃദയം.

നന്ദി പറയുമ്പോൾ നമ്മുടെ ശരീരത്തിലുണ്ടാകുന്ന ഹോർമോൺമാറ്റങ്ങളെക്കുറിച്ച് ശാസ്ത്രം പറയുന്നു: എൻഡോർഫിൻ സുഖകരമായ മഴപെയ്ത്ത് അനുഭവം പ്രദാനം ചെയ്യുന്നു. ലവ് ടോണിക്കായ ഓക്സിടോസിൻ നമ്മുടെ ഹൃദയത്തിൽ വല്ലാത്ത ഒരു അടുപ്പം (*Intimacy*) രൂപപ്പെടുത്തുന്നു. ദൈവത്തോടും സഹോദരങ്ങളോടും സാഹചര്യങ്ങളോടും ലോകത്തോടുതന്നെയും അടുപ്പമുണ്ടാകുന്നു. ഈ അടുപ്പം നന്ദി നിറഞ്ഞ ഹൃദയത്തിൽ ആനന്ദം നിറയ്ക്കുന്നു.

പെയ്തൊഴിയാതെ പേമാരി പോലെ പ്രശ്നങ്ങൾ ഒന്നൊന്നായി വലിഞ്ഞുമുറുകുമ്പോൾ എങ്ങനെയാണു നന്ദി പറയുക എന്നായിരിക്കും ഞാനും നീയും ചിന്തിക്കുക.

സുഹൃത്തേ, പ്രശ്നകലുഷിതമായ സാഹചര്യത്തെ നോക്കി നന്ദിയർപ്പിക്കുമ്പോൾ ഏതു പ്രശ്നവും എനിക്കും നിനക്കും അനുഗ്രഹമായി മാറും. മാറാരോഗത്തെയോർത്തു നന്ദിയർപ്പിക്കുമ്പോൾ സൗഖ്യം ലഭിക്കുന്നത് മനസ്സിനു മാത്രമല്ല, ശരീരത്തിനുകൂടിയാണെന്നതിന് എത്രയെത്ര അനുഭവസാക്ഷ്യങ്ങളാണ് നമുക്കു ചുറ്റുമുള്ളത്! വേദനിപ്പിച്ച വ്യക്തിയെയും സാഹചര്യങ്ങളെയുമോർത്തു നന്ദി പറയുമ്പോൾ സന്തോഷം ലഭിക്കുന്നത് നമുക്കു തന്നെയാണ്. അല്ലെങ്കിൽ ആ സാഹചര്യങ്ങളുടെയും വ്യക്തികളുടെയും അടിമകളായി നാം മാറും. എന്നാൽ നന്ദിയുടെ മനോഭാവത്തോടെ ജീവിക്കുന്ന വ്യക്തിക്ക് അടിമയായി ജീവിക്കേണ്ടി വരികയില്ല. മറിച്ച് എല്ലാ സാഹചര്യങ്ങളുടെയും യജമാനനായിരിക്കാൻ സാധിക്കും.

ജീവിതത്തിലുണ്ടാകുന്ന ദുരിതങ്ങളെയും രോഗങ്ങളെയും പ്രശ്നങ്ങളെയുമോർത്ത് ശപിച്ചും തപിച്ചും കാർമേഘംപോലെ ഘനീഭവിച്ച മനസ്സുമായി മാനസിക സമ്മർദ്ദത്തിൽ ജീവിക്കുമ്പോൾ കോർട്ടിസോണിന്റെ അളവ് നമ്മുടെ ശരീരത്തിൽ വർദ്ധിക്കുകയാണു ചെയ്യുന്നത്. തൽഫലമായി മാനസിക സമ്മർദ്ദം നമുക്കു സമ്മാനിക്കുന്നത് ഒരു പറ്റം രോഗങ്ങളാണ്. നിരവധി രോഗങ്ങളിൽനിന്നും വിമുക്തി നേടാനുള്ള സിദ്ധൗഷധമാണ് കൃതജ്ഞതാനിർഭരമായ ജീവിതം.

“എല്ലാം പൂർത്തിയായിരിക്കുന്നു” എന്നത് കുരിശിൽ കിടന്നുകൊണ്ടുള്ള ഈശോയുടെ കൃതജ്ഞതാപ്രകാശനമായിരുന്നു. സഹനങ്ങളുടെ നടുവിലും തന്നെ ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കിക്കൊണ്ട് തന്റെ കൂടെ എപ്പോഴുമുണ്ടായിരുന്ന പിതാവിനു നന്ദിയെന്നവണ്ണം “എല്ലാം പൂർത്തിയായി” എന്നു പറയുന്ന പുത്രന്റെ ജീവിതം മാതൃകയാക്കിയാൽ നമ്മുടെ ജീവിതവും പ്രകാശപൂരിതമാകും.

ഓരോ പരിശുദ്ധ കുർബാനയും നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതുതന്നെയാണല്ലോ.... “നന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തവിധം അത്ര വലിയ അനുഗ്രഹങ്ങളാണ് അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്നത്” എന്ന പ്രാർത്ഥന ജീവിതത്തിലൂടെ ആവർത്തിച്ചാൽ ആനന്ദപ്രദമായ ജീവിതം ആസ്വദിക്കാൻ സാധിക്കും.

പൗലോസ്ശ്ലീഹായും സൗഖ്യമുള്ള ജീവിതത്തിനു നല്കുന്ന ബെസ്റ്റു മരുന്ന് ഇതാണ്: “എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ; ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ” (1 തെസ 5,16–18).

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിന്റെ പള്ളിക്കൂദാശാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. സഭയുടെ യുഗാന്തോന്മുഖമായ വിജയവും അവളുടെ സ്വർഗീയ പ്രവേശനവുമാണ് ഈ കാലഘട്ടം സൂചിപ്പിക്കുന്നത്. മിശിഹാ തന്റെ മണവാട്ടിയായ സഭയെ സുകൃതങ്ങൾക്കൊണ്ട് അലംകൃതയാക്കുന്നതിന്റെ സൗന്ദര്യമാണ് ഈ കാലത്തെ പ്രാർത്ഥനകളിൽ നിറഞ്ഞുനില്ക്കുന്നത്. മണവാളനായ മിശിഹായെ, മണവാട്ടിയായ സഭ സ്വർഗീയ മണവറയിൽവച്ച് മുഖാഭിമുഖം ദർശിച്ച് നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുന്നതു ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ സഭാംഗങ്ങളെ സുകൃതങ്ങൾക്കൊണ്ട് അലങ്കരിക്കുവാൻ നമുക്കു സഹായിക്കാം. അപ്രകാരം അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. സ്നേഹാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2024 നവംബർ 3 മുതൽ 9 വരെ അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺലിൽ അംഗങ്ങൾ കോട്ടയം സ്പിരിച്ച്വാലിറ്റി സെന്ററിൽ ഉണ്ടായിരിക്കും. നവംബർ 4 മുതൽ 6 വരെയുള്ള തീയതികളിൽ രാവിലെ ജനറൽ കൗൺസിൽ മീറ്റിംഗും ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി എന്നീ രൂപതകളിലെ ചില തീർത്ഥാടനകേന്ദ്ര സന്ദർശനവും നടത്തുന്നതാണ്. നവംബർ 6-ാം തീയതി വൈകുന്നേരം പതിവുപോലെ സെനക്കിൾ വൈദികർ സ്പിരിച്ച്വാലിറ്റി സെന്ററിൽ കൂടണമെന്നു താല്പര്യപ്പെടുന്നു. എല്ലാവരെയും കാണുവാൻ കൗൺസിൽ അംഗങ്ങൾ ആഗ്രഹിക്കുന്നു. നവംബർ 7-ാം തീയതി നാലു മണിയോടുകൂടി പരിപാടികൾ അവസാനിക്കുന്നതാണ്. നവംബർ 9-ാം തീയതി ജനറൽ കൗൺസിൽ അംഗങ്ങൾ റോമിലേക്കു തിരിച്ചുയാത്രയാകും.



# ഈ ജീവിതം എത്ര ആനന്ദകരം

സെലീനാ വെള്ളാത്തടം
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഈ** ലോകത്തിലേക്ക് ഇനി തിരിച്ചുവരാനാവാത്തവിധം ഏതോ ഒരു അജ്ഞാതരോഗത്തിനടിമയായ നവ്യാമോളെ വൈദ്യലോകം കൈവിട്ടു. ഇനി അവളുടെ പ്രതീക്ഷ ഈശോയോടൊത്തുള്ള സ്വർഗീയജീവിതം മാത്രം. അതിനായി അവൾ ഈശോയെ മുറുകെപ്പിടിച്ചു പ്രാർത്ഥിച്ചു കിടന്നു. ഈ അവസരത്തിൽ അവളുടെ വികാരിയച്ചൻ അവളെ സന്ദർശിക്കാനിടയായി. അച്ചൻ അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. ആശീർവാദം നല്കിയശേഷം അവളുടെ മുഖത്തേക്കു നോക്കി. വളരെ പ്രസന്നമായ മുഖം!

അവൾ പറഞ്ഞു: “അച്ചാ, എനിക്കു വലിയ സന്തോഷമാണ്. ഈ വേദനയിലൂടെ ഈശോ എനിക്ക് സ്വർഗത്തിൽ നിത്യസമ്മാനം ഒരുക്കിയിരിക്കുകയാണ്. നിത്യമായ ആനന്ദവും ആഹ്ലാദവും അലതല്ലുന്ന ഒരു സ്വർഗമുണ്ടെന്നും അതു ദൈവത്തിന്റെ വാസസ്ഥലമാണെന്നും അവിടെ ദൈവമഹത്ത്വം ഉജ്ജ്വലപ്രകാശം പരത്തുന്നുവെന്നും ആ പ്രകാശത്തിൽ നമുക്കെല്ലാം ദൈവത്തെ വ്യക്തമായി ദർശിക്കാൻ കഴിയുമെന്നും സഭ പഠിപ്പിക്കുന്നുണ്ടല്ലോ. മാലാഖമാരും വിശുദ്ധരുമെല്ലാം പൗരത്വം സ്വീകരിച്ചിരിക്കുന്ന സ്വർഗീയജീവിതത്തിൽ നിർവചിക്കാനാവാത്ത സ്നേഹവും സമാധാനവും നിറഞ്ഞുതുളുമ്പുന്ന സൗഭാഗ്യകരമായ നിത്യജീവൻ അനുഭവിക്കാൻ കഴിയുമെന്ന് എനിക്കു നല്ല ഉറപ്പുണ്ട്. ഈ പ്രപഞ്ചം ഇത്ര മനോഹരമാണെങ്കിൽ ഇതിനു രൂപം നല്കിയ സ്വർഗീയശില്പി വാഴുന്നിടം എത്ര സുന്ദരമായിരിക്കും.... അവനോടൊത്തുള്ള ജീവിതം എത്ര ആനന്ദമായിരിക്കും....!”

**എന്താണു സ്വർഗം?**

സ്വർഗസൗഭാഗ്യത്തിന്റെ അന്തഃസത്ത ത്രിയേകദൈവത്തിലുള്ള പങ്കുചേരലാണ്. ദൈവത്തോടുകൂടിയായിരിക്കുന്ന, ദൈവത്തിലായിരിക്കുന്ന, അനുഭവം - അതാണു സ്വർഗം. ദൈവത്തെ മുഖാമുഖം ദർശിക്കാൻ കഴിയുമെന്നതാണ് സ്വർഗസൗഭാഗ്യത്തിന്റെ സവിശേഷത. ഈ ലോകത്തിലായിരിയിക്കുമ്പോൾ ദൈവത്തെപ്പറ്റി പരിമിതമായ അറിവേ നമുക്കുള്ളൂ. “ഇപ്പോൾ കണ്ണാടിയിലൂടെ അവ്യക്തമായി നാം കാണുന്നു; അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ, ദൈവം എന്നെ പൂർണമായി അറിയുന്നതുപോലെ ഞാനും പൂർണമായി അറിയും” (1 കോറി 13,12). ദൈവദർശനം സ്നേഹത്തിന്റെ ഒരിക്കലും അവസാനിക്കാത്ത ഒരു നിമിഷംപോലെയാണ്. നമ്മുടെ ആത്മാവു സ്നേഹിക്കുകയും ജീവിതകാലം മുഴുവൻ നാം അന്വേഷിക്കുകയും ചെയ്ത ദൈവത്തിൽനിന്ന് ആർക്കും, ഒന്നിനും നമ്മെ വേർപെടുത്താനാവില്ല. എല്ലാ മാലാഖമാരോടും വിശുദ്ധരോടുംകൂടെ ദൈവത്തിൽ ദൈവത്തോടൊപ്പം എന്നേക്കും സന്തോഷിക്കാൻ കഴിയും. നിലയ്ക്കാത്ത ഈ സ്നേഹാനുഭവം മരണാനന്തരജീവിതത്തിലാണ് ലഭ്യമാകുക എന്നു നാം വിശ്വസിക്കുന്നു.

1943 ൽ 12-ാം പീയൂസ് മാർപാപ്പ പ്രസിദ്ധീകരിച്ച ‘മിശിഹായുടെ മൗതികശരീരം’ എന്ന ചാക്രികലേഖനത്തിൽ, സ്വർഗത്തിൽ ലഭിക്കുന്ന ദൈവദർശനത്തിൽ ആത്മാവ് അതിസ്വാഭാവികമായ ഒരു പ്രകാശത്താൽ ഉയർത്തപ്പെടുന്നതുമൂലം അതിന്റെ ദൃഷ്ടികൾക്കും ശക്തികൾക്കും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നേരിട്ടു കാണുന്നതിനും പരിശുദ്ധവും അവിഭാജ്യവുമായ ത്രിത്വം അനുഭവിക്കുന്ന സൗഭാഗ്യത്തിനു സദൃശ്യമായ സൗഭാഗ്യം അനുഭവിക്കുന്നതിനും ഇടയാകുമെന്നു പഠിപ്പിക്കുന്നു.

**ആർക്കാണ് ഈ സൗഭാഗ്യം അനുഭവിക്കാൻ കഴിയുക?**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ, “ആനന്ദിച്ചാഹ്ലാദിക്കുവിൻ” എന്ന ശ്ലൈഹികപ്രബോധനത്തിൽ അഷ്ടഭാഗ്യങ്ങൾ ഓരോന്നും വിശദീകരിച്ചുകൊണ്ട് വിശുദ്ധിയുടെ മാർഗത്തിലൂടെ സ്വർഗസൗഭാഗ്യം നേടാമെന്നു വ്യക്തമാക്കുന്നുണ്ട്. ദൈവവചനപ്രഘോഷണത്തിൽമാത്രം വ്യാപൃതരാകാതെ ജീവിതത്തിന്റെ സൽക്കർമ്മങ്ങളിലൂടെ വചനത്തിനു ജീവനേകുവാൻ പരിശ്രമിക്കുമ്പോൾ നാം വിശുദ്ധിയുടെ പാതയിലാണ് സഞ്ചരിക്കുന്നത്. സ്വർഗയാത്രയ്ക്കുള്ള നമ്മുടെ സമ്പാദ്യമാണ് അഷ്ടഭാഗ്യങ്ങൾ. ഈശോ തന്റെ ജീവിതം എങ്ങനെയാണോ നയിച്ചത് അതാണ് സുവിശേഷഭാഗ്യങ്ങൾ. അത് ഒരു ക്രൈസ്തവന്റെ അനന്യതയാണെന്നും സുവിശേഷഭാഗ്യങ്ങൾ സ്വർഗീയ ആനന്ദത്തിലേക്കുള്ള വഴിയാണെന്നും പാപ്പാ എടുത്തുപറയുന്നു.

**ആരാണ് ഭാഗ്യവാന്മാർ?**

ആത്മാവിൽ ദരിദ്രരായവർ, വിലപിക്കുന്നവർ, ശാന്തശീലർ, നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, സമാധാനം സ്ഥാപിക്കുന്നവർ, നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവർ - ഇപ്രകാരം ജീവിതം നയിക്കുന്നവർ ഭാഗ്യവാന്മാരായി മാറുന്നു.

തന്നിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ പൂർണമായി ആശ്രയിക്കുന്നവരാണ് ആത്മാവിൽ ദരിദ്രരായവർ. കാലിത്തൊഴുത്തുമുതൽ കാൽവരിവരെ ഈശോ ദാരിദ്ര്യം ജീവിച്ചു; സമ്പൂർണദാനമായി നല്കി. പകലന്തിയോളം ജറുസലേമിനെ ലക്ഷ്യമാക്കി യാത്ര ചെയ്തവൻ യാത്രിയാമങ്ങളിൽ പിതാവുമായി ഗാഢബന്ധത്തിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. “സർവ

ശക്തൻ നിനക്ക് വിലപിടിച്ച സ്വർണവും വെള്ളിയും ആകുന്നുവെങ്കിൽ നീ സർവശക്തനിൽ ആനന്ദിക്കുകയും ദൈവത്തിന്റെനേരെ മുഖമുയർത്തുകയും ചെയ്യും" (ജോബ് 22,25-26). ഈലോക സുഖങ്ങളിലൊന്നുമല്ല സർവശക്തനായ ദൈവത്തിലാണ് യഥാർത്ഥ ആനന്ദം. ഈലോകസുഖ സൗകര്യസ്ഥാനമാനങ്ങളെല്ലാം നേടാൻ കഴിഞ്ഞാൽ അതാണു ജീവിതസുഖമെന്നു ചിന്തിക്കു ന്നവരുണ്ടാകാം. എന്നാൽ ഈശോ വ്യക്തമായി പറയുന്നു: "സമ്പന്നരേ, നിങ്ങൾക്കു ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചുകഴിഞ്ഞു. ഇപ്പോൾ സംതൃപ്തരായിക്കഴിയുന്നവരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾക്കു വിശക്കും. ഇപ്പോൾ ചിരിക്കുന്നവരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ ദുഃഖിച്ചു കരയും. മനുഷ്യരെല്ലാം നിങ്ങളെ പ്രശംസിച്ചു സംസാരിക്കുമ്പോൾ നിങ്ങൾക്കു ദുരിതം! അവരുടെ പിതാക്കന്മാർ വ്യാജപ്രവാചകന്മാരോടും അങ്ങനെ ചെയ്തു" (ലൂക്കാ 6,24-26). കാരണം ഇതെല്ലാം ഉണ്ടായിരിക്കുന്നവൻ അവയെല്ലാം വിലപ്പെട്ടതായി കണ്ട് ദൈവത്തെ അവ ഗണിക്കാനിടയാകുന്നു.

നല്ല മനോഭാവത്തോടെ സഹനത്തിന്റെ പാതയിൽ നീങ്ങുന്നവർ ഭാഗ്യവാന്മാരാണ്. ദുഃഖ ദുരിതങ്ങൾ ദൈവത്തോടു നമ്മെ ചേർത്തുവയ്ക്കുന്ന നിമിഷങ്ങളാണ്. അതിലൂടെ ദൈവം തരാനിരിക്കുന്ന നന്മയാണ് യഥാർത്ഥ ആനന്ദം. "കർത്താവു നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല" (ഏശ 30,20). വേദനിക്കുന്നവന്റെ കൂടെ താങ്ങായി, തണലായി നല്ല ദൈവം എന്നുമുണ്ടാകും. ഏതെല്ലാം സഹനങ്ങളിലൂടെ കടന്നുപോയാലും അവിടെയെല്ലാം ദൈവത്തിന്റെ അനന്തമായ സ്നേഹം തിരിച്ചറിയാൻ നമുക്കു കഴിയണം. ഈശോ കാണിച്ചുതന്ന മാതൃക അതാണ്. പിതാവിന്റെ ഇഷ്ടത്തിൽനിന്ന് അണുവിട വ്യതിചലിക്കാതെ അവിടുന്നു തന്നെത്തന്നെ പൂർണമായി സമർപ്പിച്ചു. പിതാവിനെ സ്നേഹിച്ചു; "സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13) എന്നു പഠിപ്പിച്ചവൻ സ്വജീവൻ നല്കിക്കൊണ്ട് മനുഷ്യമ ക്കളെയും സ്നേഹിച്ചു.

അതോടൊപ്പം നമ്മുടെ പാപങ്ങളോർത്തു ദുഃഖിക്കാനും നഷ്ടപ്പെട്ടു പോകുന്ന ആത്മാ ക്കളെയോർത്തു വിലപിക്കാനും നമുക്കു കഴിയണം. അങ്ങനെയുള്ളവരാണ് യഥാർത്ഥ സന്തു ഷ്ടർ എന്നുകൂടി വി. ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു.

"നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവ രായിരിക്കുവിൻ" (ലൂക്കാ 6,36). കരുണയുള്ളവർ ഭാഗ്യവാന്മാരാണ്. അവർക്കു കരുണ ലഭിക്കും. തെറ്റുകൾ ക്ഷമിക്കുന്ന, ബലഹീനതകൾ മനസ്സിലാക്കുന്ന, കുറവുകളും പോരായ്മകളും സാര മാക്കാത്ത സ്നേഹമാണ് കരുണാർദ്രസ്നേഹം. ഈ കരുണാർദ്രസ്നേഹത്തിന്റെ ഉടമകളായി ജീവിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. ഈ സ്നേഹമാണ് ഈശോ നമുക്കു കാണിച്ചു തന്നത്. പാപികളോടു ക്ഷമിച്ചുകൊണ്ട് ഈശോ കരുണയുള്ള സ്നേഹം നല്കി. രോഗിക ളെയും ആകുലരെയും ആശ്വസിപ്പിച്ചുകൊണ്ട് അവിടുന്ന് അവരോട് അനുകമ്പ കാണിച്ചു. നിസ്സ ഹായരെയും നിന്ദിതരെയും ശക്തിപ്പെടുത്തി. ഈശോയെപ്പോലെ ദൈവകാരുണ്യത്തിന്റെ പ്രതി ഫലനങ്ങളാകുന്നവരുടെ ജീവിതം സൗഭാഗ്യപൂർണമാകും.

ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും (മത്താ 5,8). നമ്മുടെ വാക്കുകളും ചിന്തകളും പ്രവൃത്തികളും ആത്മാർത്ഥത നിറഞ്ഞതായിരിക്കാൻ ഈശോ അതിയായി ആഗ്രഹിക്കുന്നു. നിർമ്മലമായ, ശിശുസഹജമായ ഹൃദയമുള്ളവർക്കാണ് ദൈവത്തെ കാണാൻ കഴിയുക. അവ രോട് ഇടപെടുന്നവർക്കെല്ലാം അവരുടെ ജീവിതത്തിന്റെ സന്തോഷവും സമാധാനവും അനുഭ വിക്കാൻ കഴിയുന്നു.

"നിങ്ങളുടെ സ്വർഗസ്ഥനായ പിതാവു പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5,48). ഈ പരിപൂർണതയിലാണ് നീതി അടങ്ങിയിരിക്കുന്നത് ഇതു സ്നേഹത്തിന്റെ പൂർണതയാണ്. ദൈവമക്കൾക്കടുത്ത സാഹോദര്യചൈതന്യത്തിൽ നീങ്ങുന്നതാണ് നീതിയുടെ പാതയിലൂടെയുള്ള യാത്ര. ദൈവത്തിന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കുകയും അവിടുത്തെ നീതിയുടെ പാതയിൽ നീങ്ങുകയും ചെയ്യുമ്പോൾ മറ്റുള്ളവർ കുറ്റം വിധിച്ചാലും വെറുത്താലും പീഡനമേല്പിച്ചാലും അവർ സന്തുഷ്ടരാണ്. കാരണം അവർ അതിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്തുകയും പ്രതിഫലമായ സ്വർഗസമ്മാനം ഉറപ്പാക്കുകയും ചെയ്യുന്നു. "ജീവിതത്തിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം" (മത്താ 7,14).

എനിക്കൊരു മാമോദീസാ മുങ്ങാനുണ്ട് എന്ന് ഈശോ പറഞ്ഞത് സഹനത്തിന്റെ മാമോദീസായാണ്. അതിലൂടെ കടന്നുപോകാതെ സ്വർഗരാജ്യം കരഗതമാകില്ല. സഹിക്കുന്നവർക്ക് പൗലോസ്ശ്ലീഹാ നല്കുന്ന ഉപദേശം ഇതാണ്: "ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ, നമ്മുടെ എല്ലാ ധാരണകളെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും ഈശോമിശിഹായിൽ കാത്തുകൊള്ളും" (ഫിലി 4,6-7).

ആദിമസഭയിലെ പ്രഥമ രക്തസാക്ഷിയായ സ്തേഫാനോസ് തന്റെ സഹനനേരത്ത് തന്നെ കല്ലെറിയുന്നവരിലേക്കോ തന്റെനേരെ വരുന്ന കല്ലുകളിലേക്കോ നോക്കിയില്ല. സ്വർഗത്തിലേക്കു കണ്ണുകളുയർത്തി ദൈവപിതാവിനെ നോക്കി, തന്നെ പീഡിപ്പിക്കുന്നവരെയോർത്ത് അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സ്വർഗം അവനായി തുറക്കപ്പെട്ടു!

ദൈവത്തോടുള്ള സഹവാസമാണ് മനുഷ്യനെ അടിസ്ഥാനപരമായി സന്തോഷവാനാക്കുന്നത്. ദൈവത്തെ പിതാവായും മനുഷ്യരെ സഹോദരങ്ങളായും സ്വീകരിച്ചുകൊണ്ടുള്ള സ്നേഹത്തിന്റെ പൂർണതയാണ് സ്വർഗീയസന്തോഷം. അങ്ങനെയുള്ളവരിൽ ദൈവം വാസമുറപ്പിക്കും. ആ സ്വർഗീയസന്തോഷം ഈ ഭൂമിയിൽത്തന്നെ അനുഭവിക്കാൻ കഴിയും; അതിന്റെ പൂർണത മരണാനന്തരജീവിതത്തിലും. "അവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). ഇതാണ് സ്വർഗീയസന്തോഷത്തിന്റെ അടിസ്ഥാനം. ഇതിനുള്ള വ്യവസ്ഥ പൂർണതയിൽ സ്നേഹിക്കുക എന്നതാണ്.

### പരിശുദ്ധ ദൈവമാതാവ്: സ്വർഗത്തിന്റെ വാതിൽ

സുവിശേഷഭാഗ്യങ്ങൾ പൂർണതയിൽ ജീവിച്ചു മാതൃക നല്കിയവളാണ് പരി. അമ്മ. അമ്മയുടെ കരങ്ങളിൽ മുറുകെ പിടിച്ചു നീങ്ങിയാൽ ഉറപ്പായും സ്വർഗത്തിലെത്താൻ കഴിയും എന്നതിൽ സംശയമില്ല. "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38). ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ട മറിയം, എത്ര എളിയ മനോഭാവത്തോടെയാണ് ദൈവഹിതം സ്വീകരിച്ചത്. വിലപിക്കുന്നവർക്ക് എന്നും അമ്മ ആശ്വാസമായിരുന്നു. ദൈവികപദ്ധതികളെ അമ്മ വളരെ ശാന്തമായി സ്വീകരിച്ചു (ലൂക്കാ 2,49). കാനായിലെ കല്യാണവിരുന്നിൽ അവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ആ കുടുംബത്തിന്റെ അപമാനം നീക്കിക്കളയാൻ അമ്മ കരുണയോടെ ഇടപെടുന്നു (യോഹ 2,1-11). ഹൃദയശുദ്ധിയുള്ളവർക്കാണ് ദൈവത്തെ കാണാൻ കഴിയുക. സൂര്യനെ ഉടയാടയാക്കിയ സ്ത്രീയെക്കുറിച്ചുള്ള വിവരണം വെളിപാടുപുസ്തകത്തിൽ നാം കാണുന്നുണ്ട് (വെളി 12,1). പരിശുദ്ധ അമ്മയോടു നമുക്കു പ്രാർത്ഥിക്കാം: ആകാശമോക്ഷത്തിന്റെ വാതിലേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.



# അനുഭവം

സാബി കോഴിക്കോട്

**രാ**വിലെ എഴുന്നേറ്റപ്പോൾ സുനിമോളുടെ കൺപോളകൾക്ക് തുറന്നു വരാനൊരു മടി. അസൂയ കാരണമാണോ എന്നറിയില്ല ചെറിയ ചൊറിച്ചിലും നിറം മാറ്റവും... കണ്ണിൽക്കടി ആണെങ്കിൽ വീടുമുഴുവൻ കിടപ്പിലാകും. ഒട്ടും വൈകിയില്ല അമ്മ സുനിമോളെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് വച്ചുപിടിച്ചു. ഒറ്റനോട്ടത്തിൽ ഡോക്ടർക്ക് കാര്യം പിടികിട്ടി. രോഗം ഭയന്നതൊന്നുമല്ല. എങ്കിൽപിന്നെ കാരണം തേടി ഒരു യാത്രയാവാം. അധികം ആളുകളുമില്ല....

ഡോക്ടർ എന്തൊക്കെയോ ടെസ്റ്റുകൾ കുറിച്ചു. ബില്ലു വന്നപ്പോൾ അമ്മയുടെ കാഴ്ച പൂർണ്ണമായും നശിച്ചു! ഒപ്പം ബോധവും!!! അബോധാവസ്ഥയിൽ അമ്മ ഒരശരീരി കേട്ടു.. "ഇപ്പോൾ നിനക്ക് മനസ്സിലായോ ഒരു കണ്ണിന്റെ വില?"

നാമെപ്പോഴും ഇങ്ങനെയൊക്കെയാ....

'എല്ലാം നമ്മുടെ മിടുക്കുകൊണ്ട്' എന്നൊരു ധാരണ....

ഇതുപോലെ ചില ഇടിവെട്ട് അനുഭവങ്ങൾ വേണം അളവില്ലാതെ അനുദിനം കടന്നുവരുന്ന ദൈവികദാനത്തിന്റെ ആഴവും പരപ്പും രുചിയും തിരിച്ചറിയുവാൻ.... വിലയുള്ളതേ അവൻ നൽകൂ.... രക്തബന്ധങ്ങളും സൗഹൃദങ്ങളും ആത്മബന്ധങ്ങളും അറിവുകളും കഴിവുകളും സമ്പത്തും എല്ലാമെല്ലാം.... കാരണം നിന്നെ അവൻ സ്വന്തം രക്തം വിലകൊടുത്ത് നേടിയതാ...

അപരന്റെ വിലയുടെ ആഴം അളക്കാൻ അജ്ഞരെങ്കിലും, അരികത്തിരിക്കുവാൻ അവൻ നൽകിയവരെ വിലമതിക്കാൻ പോരുന്ന ഒരു ഹൃദയമെങ്കിലും ആർജ്ജിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ...!



# ഏലിയാ

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഇസ്രായേലിലെ വലിയ പ്രവാചകരിൽ ഒരാളാണ് ഏലിയാ പ്രവാചകൻ. ഗിലയാദിലെ തിഷ്ബെയിൽ നിന്നുള്ളവനാണ് അദ്ദേഹം എന്ന് രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽനിന്നു മനസ്സിലാക്കാം. ആജാനുബാഹുവും ധീരനും ഇടിമുഴക്കം പോലുള്ള ശബ്ദത്തിനുടമയുമായിരുന്നു ഏലിയാ പ്രവാചകൻ. രോമക്കുപ്പായവും തുകൽകൊണ്ടുള്ള അരപ്പട്ടയുമായിരുന്നു വേഷം. ഏലിയാ എന്ന വാക്കിന് "യഹോവ എന്റെ ദൈവം" എന്നാണർത്ഥം. ദൈവത്തിൽനിന്ന് ഇസ്രായേൽജനത്തെ അകറ്റുന്ന രാജാക്കന്മാരെ ഏകാകിയായ ചെന്നായെപ്പോലെ പിൻതുടർന്ന് വിരട്ടുന്നവൻ! തിന്മചെയ്ത ആഹാബുരാജാവിനെ ദൈവശിക്ഷ അറിയിക്കുന്നതോടെയാണ് ഏലിയാ തന്റെ ദൗത്യം ആരംഭിക്കുന്നതായി നാം വിശുദ്ധ ഗ്രന്ഥത്തിൽ കാണുക. പ്രവാചകൻ, ആഹാബിനോട് പറയുന്നു: "ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ കർത്താവാണേ, വരുംകൊല്ലങ്ങളിൽ ഞാൻ പറഞ്ഞല്ലാതെ മഞ്ഞോ മഴയോ പെയ്യുകയില്ല. കർത്താവ് ഏലിയായോടു പറഞ്ഞു: നീ പുറപ്പെട്ട് ജോർദ്ദാനു കിഴക്കുള്ള കെറീത്ത് അരുവിക്കു സമീപം ഒളിച്ചു താമസിക്കുക. നിനക്ക് അരുവിയിൽനിന്ന് വെള്ളം കുടിക്കാം. ഭക്ഷണം തരുന്നതിന് കാക്കകളോട് ഞാൻ കല്പിച്ചിട്ടുണ്ട്" (1 രാജാ 17,1-4). കാക്കകൾ കാലത്തും വൈകിട്ടും അവന് അപ്പവും മാംസവും കൊണ്ടുവന്നുകൊടുത്തു. അരുവിയിൽ നിന്ന് അവൻ വെള്ളം കുടിച്ചു. ദൈവം ഒരുക്കുന്ന സുന്ദരമായ വാസസ്ഥലം! എന്നും കൃത്യമായി ഭക്ഷണം നൽകുന്ന ഹോം ഡെലിവറി സർവീസസ്!! മനുഷ്യബുദ്ധിയെ മറികടക്കുന്ന ദൈവപരിപാലനയുടെ വഴികൾ!!!

കുറെ നാളുകൾ കഴിഞ്ഞപ്പോൾ അരുവി വറ്റി. അവൻ അന്വേഷിക്കുന്നതിനും അപേക്ഷിക്കുന്നതിനും മുമ്പേ, വീണ്ടും കർത്താവ് പ്രവാചകനുവേണ്ടി മറ്റൊരിടം ഒരുക്കുന്നു. അവിടുന്നു പറയുന്നു: "നീ സീദോനിലെ സറേഫാത്തിൽ പോയി വസിക്കുക. അവിടെ നിനക്കു ഭക്ഷണം തരുന്നതിനു ഞാൻ ഒരു വിധവയോടു കല്പ്പിച്ചിട്ടുണ്ട്" (1 രാജാ 17,9). കർത്താവ് പറഞ്ഞതനു

സരിച്ച് ഏലിയാ സറേഫാത്തിലേക്കു മടങ്ങി. അവിടെ വിറകു ശേഖരിക്കുന്ന വിധവയെ അവൻ കണ്ടു. പ്രവാചകൻ അവളോട് ഒരു പാത്രം വെള്ളവും കുറച്ചപ്പവും ചോദിച്ചു. തന്റെ കലത്തിൽ അവശേഷിച്ചിരിക്കുന്നത് ഒരുപിടി മാവും ഭരണിയിൽ അല്പം എണ്ണയുമാണ് എന്ന് ദരിദ്രയായ ആ വിധവ വ്യക്തമാക്കി. അതുകൊണ്ട് ഭക്ഷണമുണ്ടാക്കി കഴിച്ചതിനുശേഷം താനും മകനും മരിക്കുമെന്നും അവൾ പറഞ്ഞു. ഏലിയാ അവളോടു പറഞ്ഞു: "ഭയപ്പെടേണ്ട, നീ ചെന്നു പറഞ്ഞതുപോലെ ചെയ്യുക. എന്നാൽ, ആദ്യം അതിൽനിന്നു ചെറിയ ഒരപ്പം ഉണ്ടാക്കി എനിക്കു കൊണ്ടുവരണം; പിന്നെ നിനക്കും മകനും വേണ്ടി ഉണ്ടാക്കിക്കൊള്ളുക. എന്തെന്നാൽ, താൻ ഭൂമിയിൽ മഴ പെയ്യിക്കുന്നതുവരെ കലത്തിലെ മാവു തീർന്നുപോവുകയില്ല; ഭരണിയിലെ എണ്ണ വറ്റുകയുമില്ല എന്ന് ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. അവൾ ഏലിയാ പറഞ്ഞതുപോലെ ചെയ്തു" (1 രാജാ 17,13-15[a]). ആ വിധവ പ്രവാചകനെ അനുസരിച്ചതിനാൽ അവളുടെ കലത്തിൽ മാവു തീർന്നില്ല; ഭരണിയിൽ എണ്ണ വറ്റിയതുമില്ല. ദൈവാനുഗ്രഹത്തിന്റെ നിറവാണീ കാണുക.

ഒരു ദിവസം വിധവയുടെ മകൻ രോഗബാധിതനായി മരിച്ചു. അവൾ പ്രവാചകന്റെ പക്കൽ നിലവിളിയുമായി എത്തി. ഏലിയാ, തനിക്കിടം നൽകിയവളുടെ മകന്റെ ശരീരവുമായി വീടിന്റെ മുകൾ നിലയിലെത്തി, ദൈവമായ കർത്താവിനോട് ബാലന്റെ ജീവൻ തിരികെ കൊടുക്കണമെന്ന് അപേക്ഷിച്ചു. പ്രവാചകൻ ബാലന്റെമേൽ കിടന്ന് അപേക്ഷിച്ചപ്പോൾ കർത്താവ് കുട്ടിയ്ക്ക് ജീവൻ തിരികെ നൽകി. ഏലിയ ബാലനെ അവന്റെ അമ്മയ്ക്ക് തിരികെ നൽകി. അവളാകട്ടെ ഏലിയാ ദൈവപുരുഷനാണെന്നും അവന്റെ വാക്കുകൾ കർത്താവിന്റെ വചനങ്ങളാണെന്നും പ്രഖ്യാപിക്കുന്നു.

ക്ഷാമത്തിന്റെയും വരൾച്ചയുടെയും മൂന്നാം വർഷം കർത്താവിന്റെ കല്പനയനുസരിച്ച് ഏലിയാ ആഹാബിന്റെ മുമ്പിലെത്തുന്നു. ബാൽദേവനെ ആരാധിക്കുന്ന ആഹാബിനോട്, കാർമൽ മലയിൽ ഇസ്രായേൽജനത്തെയും ജസെബെൽ പോറ്റുന്ന ബാൽ - അഷേരാ പ്രവാചകരെയും വിളിച്ചുകൂട്ടി ബലിപീഠമൊരുക്കാൻ ഏലിയാ കല്പിച്ചു. അങ്ങനെ രാജാവും ഇസ്രായേൽജനവും നാനൂറ്റിയമ്പതോളം ബാലിന്റെ പുരോഹിതന്മാരും ഒത്തുകൂടിയപ്പോൾ പ്രവാചകൻ അവരോടു പറഞ്ഞു: കർത്താവിന്റെ പ്രവാചകന്മാരിൽ ഞാൻ മാത്രമാണ് അവശേഷിച്ചിട്ടുള്ളത്. ബാലിനാകട്ടെ നാനൂറ്റിയൻപതു പ്രവാചകന്മാരും. ഏലിയാ രണ്ടു കാളകളെ ആവശ്യപ്പെടുകയും അതിലൊന്നിനെ ബലിയർപ്പിക്കാനായി ബാലിന്റെ പ്രവാചകരെ ഏല്പിക്കുകയും ചെയ്തു. ബാലിന്റെ പുരോഹിതർ അതിനെ കഷണങ്ങളാക്കി, വിറകടുക്കി അതിൽവച്ച് അഗ്നിയയക്കാൻ ബാൽ ദേവനെ വിളിച്ചപേക്ഷിച്ചു. അവർ ശബ്ദമുണ്ടാക്കുകയും ആവേശകരമായ അഭ്യർത്ഥനകൾ നടത്തുകയും ഉന്മത്തരായി വാളുകൊണ്ട് സ്വയം മുറിവേല്പിക്കുകയും ചെയ്തതല്ലാതെ വിജയിച്ചില്ല. എന്നാൽ ഏലിയാ പ്രവാചകൻ കർത്താവിന്റെ തകർന്നു കിടന്ന ബലിപീഠം പന്ത്രണ്ടു കല്ലെടുത്ത് ഒരുക്കി അതിൽ വിറകടുക്കി, കഷണങ്ങളാക്കിയ കാളയെ നിരത്തി. ചുറ്റിലും ചാലുണ്ടാക്കി, ദഹനബലിവസ്തുവിലും വിറകിലും വെള്ളം ഒഴിച്ചു. ബലിക്കു സമയമായപ്പോൾ പ്രാർത്ഥിച്ച ഏലിയായ്ക്ക്, അവന്റെ യാഗപീഠത്തിലെ തീയാണ് ഉത്തരം നൽകിയത്. തുടർന്നു വരൾച്ച മാറി, മഴയുടെ വരവായി. അദ്ദേഹം ബാലിന്റെ പ്രവാചകരെ ഒന്നടങ്കം കിഷോൻ അരുവിക്കു സമീപം കൊണ്ടുപോയി വധിച്ചു.

ഇക്കാര്യങ്ങൾ അറിഞ്ഞ ജസെബെൽ പ്രവാചകന്റെ ജീവനു വെല്ലുവിളിയുയർത്തി. പ്രവാചകനാകട്ടെ ജീവരക്ഷാർത്ഥം പലായനം ചെയ്തു യൂദായിലെ ബേർഷെബായിലെത്തി. അവിടെനിന്ന് മരുഭൂമിയിലൂടെ യാത്ര ചെയ്ത് ക്ഷീണിതനായി ഒരു വാടാമുൾച്ചെടിയുടെ തണലിലി

രുന്ന് മരണത്തിനായി പ്രാർത്ഥിച്ചു. അവിടെ കിടന്നുറങ്ങിയപ്പോൾ ദൈവദൂതൻ പ്രവാചകനെ തട്ടിയുണർത്തി പറഞ്ഞു: "എഴുന്നേറ്റു ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും" (1 രാജാ 19,7). എഴുന്നേറ്റുനോക്കിയപ്പോൾ ഏലിയാ കണ്ടത്, ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും തലയ്ക്കൽ ഇരിക്കുന്നതാണ്. ദൈവദൂതൻ വിളമ്പിയ ഭക്ഷണം കഴിച്ച് നാൽപതു രാവും നാൽപതു പകലും യാത്രചെയ്ത് പ്രവാചകൻ ഹോറേബിലെത്തി ഒരു ഗുഹയിൽ താമസിച്ചു. അവിടെയും കർത്താവിന്റെ സ്വരം അവനെ ഉണർത്തി: "ഏലിയാ നീ ഇവിടെ എന്തു ചെയ്യുന്നു? ഏലിയാ ഉത്തരം പറഞ്ഞു: സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷണതയാൽ ഞാൻ ജ്വലിക്കുകയാണ്" (1 രാജാ 19,9-10.14).

ഗുഹക്കുള്ളിൽ കിടന്ന പ്രവാചകൻ കർത്താവിനോടു തന്റെ ഹൃദയവ്യഥകൾ പങ്കിടുന്നു: ഇസ്രായേൽ ഉടമ്പടി ലംഘിക്കുകയും ബലിപീഠങ്ങൾ തകർക്കുകയും പ്രവാചകന്മാരെ വധിക്കുകയും ചെയ്തിരിക്കുന്നു. താൻ ഏകനായിത്തീർന്നിരിക്കുന്നു. പരിതപിക്കുന്ന ഏലിയായ്ക്കു മറുപടിയായി കർത്താവ് പറഞ്ഞു: "ബാലിന്റെ മുമ്പിൽ മുട്ടുമടക്കുകയോ അവനെ ചുംബിക്കുകയോ ചെയ്യാത്ത ഏഴായിരം പേരെ ഞാൻ ഇസ്രായേലിൽ അവശേഷിപ്പിക്കും" (1 രാജാ 19,18). നിരാശനായി ഹോറേബിലെത്തിയെങ്കിലും ദൈവാനുഭവത്താൽ നിറഞ്ഞവനായി അദ്ദേഹം മാറുന്നു. പ്രാർത്ഥനയോടെ ധീരമായ തീരുമാനമെടുക്കുന്ന നല്ല മനുഷ്യനായി ഏലിയാ മാറുന്നു. ബാൽദേവന്റെ പ്രവാചകരെ വെല്ലുവിളിക്കുകയും അവരെ വധിക്കുകയും ചെയ്യുന്നതിന് ഒളിസങ്കേതത്തിൽനിന്ന് അവൻ ഇറങ്ങിവന്നു, വീണ്ടും ഒളിവിൽ പാർക്കുന്നു. അദ്ദേഹം മരിച്ചെന്ന് ആഹാബും ഭാര്യ ജസെബെലും കരുതി. എന്നാൽ അവരുടെ മരണം പ്രവചിക്കാൻ അദ്ദേഹം വീണ്ടും എത്തി.

ജസ്രേൽക്കാരനായ നാബോത്തിനെ വധിച്ച് അവന്റെ മുന്തിരിത്തോട്ടം കൈവശപ്പെടുത്തിയ ആഹാബിന്റെ മുമ്പിൽ വീണ്ടും വേട്ടപ്പട്ടിയെപ്പോലെ പാഞ്ഞടുത്ത് പ്രവാചകൻ ഇപ്രകാരം പറയുന്നു: "നീ അവനെ കൊലപ്പെടുത്തി അവന്റെ വസ്തു കൈയേറിയോ? നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കിക്കുടിക്കും" (1 രാജാ 21,19). അതുപോലെ ജസെബെലിന്റെമേലുള്ള പ്രവചനവും ഏലിയാ നടത്തി. ആഹാബ് മൺമറഞ്ഞപ്പോൾ മകൻ അന്യദേവനായ ബാൽസെബൂബിന്റെ പക്കലേക്കു തിരിഞ്ഞപ്പോൾ അവനെ ശകാരിക്കുകയും, അവൻ രോഗശയ്യയിൽനിന്ന് എഴുന്നേല്ക്കുകയില്ല; മരിക്കും എന്ന് അറിയിക്കുകയും ചെയ്തു. അഹസിയാ അയച്ച അമ്പതു സംഘങ്ങളുടെ രണ്ടു ഗണങ്ങളെയും ഏലിയാ അഗ്നിയിറക്കി വധിച്ചു. ഇസ്രായേലിൽ ദൈവമില്ലാഞ്ഞിട്ടാണോ നീ ഇതു ചെയ്തത് (2 രാജാ 1,6) എന്ന് നിർഭയം പ്രവാചകൻ അവനെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

യൂദാരാജാവായിരുന്ന ദുഷ്ടനായ യഹോറാമിനോടും ശക്തമായ നിലപാടാണ് ഏലിയാ പ്രവാചകൻ പുലർത്തിയത്. യൂദാനിവാസികളെ അവിശ്വസ്തതയിലേക്കു നയിക്കാൻ അവൻ അന്യദേവന്മാർക്കു പൂജാഗിരികൾ നിർമ്മിച്ചപ്പോൾ കത്തുമുഖേന ശക്തമായ ഭാഷയിൽ ഏലിയാ അവനെ ശകാരിക്കുകയും, അവന്റെ കുടുംബത്തിന് മഹാമാരി വരുത്തുമെന്നും കുടലിൽ കഠിനരോഗമുണ്ടായി അവൻ മരണമടയുമെന്നും അറിയിക്കുകയും ചെയ്തു (2 ദിന 21,11-15).

ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ ദൈവസന്നിധിയിലേക്ക് ഉറ്റുനോക്കുന്ന ഏലിയാ പ്രവാചകൻ ഇന്ന് മനുഷ്യകുലത്തിനു മാതൃകയാണ്. ജീവിതസാഹചര്യങ്ങളിൽ ഉൾക്കരുത്തോടെ മുന്നേറാൻ 'ഏലിയായുടെ തീക്ഷ്ണതയാണ്' നാം സ്വന്തമാക്കേണ്ടതും. ദൗത്യത്തിന്റെ അന്ത്യ

ത്തോടടുത്തപ്പോൾ ഏലിയായും ഏലീഷായും തമ്മിലുള്ള വേർപിരിയലും സുന്ദരമായ ഒരു യാത്രയയപ്പും 2 രാജാ 2,1-12 ൽ കണ്ടെത്താൻ സാധിക്കും. അവർ ഇരുവരും ഗിൽഗാലിൽ എത്തിയപ്പോൾ ഏലിയാ, ഏലീഷായോട് പറഞ്ഞു: "ദയവായി ഇവിടെ നിൽക്കുക. കർത്താവ് എന്നെ ബഥേൽവരെ അയച്ചിരിക്കുന്നു. ഏലീഷാ മറുപടി പറഞ്ഞു: കർത്താവിനെയും അങ്ങ യെയും സാക്ഷിയാക്കി ഞാൻ പറയുന്നു, ഞാൻ അങ്ങയെ വിട്ടുമാറില്ല". അവിടെയുള്ള പ്രവാചക ഗണം ഏലീഷായോടു പറഞ്ഞു. കർത്താവ് നിന്റെ യജമാനനെ ഇന്ന് നിന്നിൽനിന്ന് എടുക്കു മെന്ന് നിനക്കറിയാമോ? അവരോട് നിശബ്ദമായിരിക്കാൻ നിർദ്ദേശിച്ചശേഷം ഏലീഷാ ഏലി യായെ അനുഗമിക്കുന്നു. അവിടെനിന്ന് ജറീക്കോയിലേക്കും, ജോർദാനിലേക്കും സമാനമായ അനുഗമിക്കൽ നടത്തുന്നു. ജോർദാനു സമീപം എത്തിയപ്പോൾ പ്രവാചകഗണത്തിൽപ്പെട്ട അമ്പ തുപേർ അല്പം അകലെ വന്നുനിന്നു. ഏലിയാ മേലങ്കിയെടുത്ത് ചുരുട്ടി വെള്ളത്തിൽ അടിച്ചു. വെള്ളം ഇരുവശത്തേയക്കും മാറി. അവർ ഉണങ്ങിയ നിലത്തുകൂടി അക്കരെയെത്തി. ഏലിയാ ഏലീഷായോട് ചോദിച്ചു: "നിന്നിൽനിന്ന് എടുക്കപ്പെടുന്നതിനുമുമ്പ് ഞാൻ എന്താണ് ചെയ്തു തരേണ്ടത്? ഏലീഷാ പറഞ്ഞു: അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപങ്ക് എനിക്കു ലഭിക്കട്ടെ" (2 രാജാ 2,9). അവർ സംസാരിച്ചിരിക്കെ ഒരു ആഗ്നേയരഥവും ആഗ്നേയാശ്വങ്ങളും അവരെ വേർപെ ടുത്തി. ഏലിയാ ചുഴലിക്കാറ്റിൽ സ്വർഗത്തിലേയ്ക്കുയർന്നു. പിന്നീട് അവൻ ഏലിയായെ കണ്ടില്ല.

ധീരനും ദൈവാനുഭവത്തിന്റെ അത്ഭുതപ്രവർത്തകനുമായി തിന്മയുടെ മധ്യേ അഗ്നിപോലെ പ്രത്യക്ഷപ്പെട്ട പ്രവാചകൻ! അവന്റെ ശബ്ദം പന്തംപോലെ ജ്വലിച്ചതുമായിരുന്നു. കർത്താ വിന്റെ വാക്കുകൾകൊണ്ട് ആകാശവാതിലുകൾ അടച്ചിടുകയും മൂന്നു പ്രാവശ്യം അഗ്നിയിറക്കി അത്യുന്നതന്റെ സാന്നിധ്യം അറിയിക്കുകയും ചെയ്തവൻ! ദൈവസന്നിധിയിൽ നിലവിളിച്ചു മരിച്ചവനെ ജീവിപ്പിച്ചു. സീനായ് മലയിൽ വച്ച് ഭീഷണികളും ഹോറെബിൽവച്ച് പ്രതികാരവി ധികളും ശ്രവിച്ചവൻ! പ്രകൃതിയും (കാക്കകൾ), മനുഷ്യരും (വിധവ), ദൈവദൂതനും നല്കിയ ഭക്ഷണപാനീയങ്ങളാൽ സത്കരിക്കപ്പെട്ടവൻ! ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണത യാൽ ജ്വലിക്കാൻ ഇന്നും ദൈവജനത്തെ പ്രേരിപ്പിക്കുന്നവൻ! അവനാണ് ഏലിയാപ്രവാചകൻ.

**ഏലിയാപ്രവാചകൻ നല്കുന്ന പാഠങ്ങൾ:**

* *ദൈവാനുഭവത്തിന്റെ മനുഷ്യരാകുക*
* *ദൈവശക്തിയുടെ വെളിപ്പെടുത്തൽ ജീവിതത്തിൽ കണ്ടെത്തുക*
* *തീക്ഷ്ണതയുള്ള ദൈവസ്നേഹം നിലനിർത്തുക*
* *മടികൂടാതെ ദൈവത്തെ അനുസരിക്കുക*
* *ഹൃദയചിന്തകൾ ദൈവത്തോടു പങ്കിടുക*
* *പ്രകൃതിയോടും മനുഷ്യരോടും ദൈവദൂതന്മാരോടും ചേർന്നിരിക്കാൻ പഠിക്കുക*




‘ലൗദാത്തോ സീ’ (അങ്ങേക്കു സ്തുതി) എന്ന ചാക്രികലേഖനം അവസാനിപ്പിക്കുന്നത് രണ്ടു പ്രാർത്ഥനകളോടെയാണ്:

ഒന്ന്, നമ്മുടെ ഭൂമിക്കുവേണ്ടിയുള്ള പ്രാർത്ഥന

രണ്ട്, സൃഷ്ടികളോടു ചേർന്ന് ഒരു ക്രൈസ്തവപ്രാർത്ഥന.

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**നമ്മുടെ ഭൂമിക്കുവേണ്ടിയുള്ള പ്രാർത്ഥന**

സർവ്വശക്തനായ ദൈവമേ, വിശ്വംമുഴുവനിലും അവിടുത്തെ സൃഷ്ടികളിൽ ഏറ്റവും ചെറിയവയിലും അവിടുന്നു സന്നിഹിതനാണല്ലോ. അസ്തിത്വമുള്ള സകലതിനെയും അവിടുന്നു ആശ്ലേഷിക്കുന്നു. അവിടുത്തെ സ്നേഹത്തിന്റെ ശക്തി ഞങ്ങളുടെമേൽ ചൊരിയണമേ. അങ്ങനെ ഞങ്ങൾ ജീവനും സൗന്ദര്യവും സംരക്ഷിക്കട്ടെ. സമാധാനകൊണ്ടു ഞങ്ങളെ നിറയ്ക്കണമേ. ആരെയും ദ്രോഹിക്കാതെ സഹോദരീസഹോദരന്മാരായി ഞങ്ങൾ ജീവിക്കട്ടെ.

ഓ, ദരിദ്രരുടെ ദൈവമേ, അവിടുത്തെ ദൃഷ്ടിയിൽ ഈ ഭൂമിയിലെ ഏറ്റവും അമൂല്യരായ ഉപേക്ഷിക്കപ്പെട്ടവരെയും വിസ്മൃതരെയും രക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ജീവിതങ്ങളെ സുഖപ്പെടുത്തണമേ, അങ്ങനെ ഞങ്ങൾ ലോകത്തെ കവർച്ച ചെയ്യുന്നവരാകാതെ അതിനെ സംരക്ഷിക്കട്ടെ; മലിനീകരണത്തിനും നാശത്തിനും പകരം ഞങ്ങൾ സൗന്ദര്യം വിത ക്കട്ടെ. ദരിദ്രരുടെയും ഭൂമിയുടെയും ചെലവിൽ നേട്ടംമാത്രം നോക്കുന്നവരുടെ ഹൃദയങ്ങളെ സ്പർശിക്കണമേ. ഓരോ വസ്തുവിന്റെയും മൂല്യം കണ്ടെത്തുവാൻ, വിസ്മയവും അനുധ്യാനവുംകൊണ്ടു നിറയുവാൻ, അവിടുത്തെ അനന്തപ്രകാശത്തിലേക്കു യാത്ര ചെയ്യുമ്പോൾ ഞങ്ങൾ ഓരോ സൃഷ്ടിയുമായും അഗാധമായി ഐക്യപ്പെട്ടിരിക്കുന്നു എന്നു തിരിച്ചറിയുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഓരോ ദിവസവും ഞങ്ങളോടൊത്തായിരിക്കുന്നതിനെപ്രതി ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു. നീതിക്കും സ്നേഹത്തിനും സമാധാനത്തിനുവേണ്ടിയുള്ള സമരത്തിൽ, ഞങ്ങളെ പ്രോത്സാഹിപ്പിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സൃഷ്ടികളോടു ചേർന്ന് ഒരു ക്രൈസ്തവപ്രാർത്ഥന**

പിതാവേ, അങ്ങയുടെ എല്ലാ സൃഷ്ടികളോടും ചേർന്ന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവ അങ്ങയുടെ സർവ്വശക്തമായ കരങ്ങളിൽനിന്നു വരുന്നു; അങ്ങയുടെ സാന്നിധ്യത്താലും അങ്ങയുടെ കരുണാർദ്ര സ്നേഹത്താലും നിറഞ്ഞ് അവ അങ്ങയുടേതായിരിക്കുന്നു. അങ്ങേയ്ക്കു സ്തുതി!

ദൈവപുത്രനായ ഈശോയെ, അങ്ങിലൂടെ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. ഞങ്ങളുടെ അമ്മയായ മറിയത്തിന്റെ ഉദരത്തിൽ അങ്ങ് ഉരുവായി, അങ്ങ് ഈ ഭൂമിയുടെ ഭാഗ

മായി, മാനുഷികനയനങ്ങളോടെ അങ്ങ് ഈ ഭൂമിയെ കടാക്ഷിച്ചു. അങ്ങയുടെ ഉത്ഥിതമായ മഹത്വത്തിൽ ഇന്ന് ഓരോ ജീവികളിലും അങ്ങ് വസിക്കുന്നു. അങ്ങേയ്ക്കു സ്തുതി !

പരിശുദ്ധാത്മാവേ, അങ്ങയുടെ പ്രകാശത്താൽ പിതാവിന്റെ സ്നേഹത്തിലേക്ക് അങ്ങ് ഈ ലോകത്തെ നയിക്കുന്നു; ഈറ്റുനോവനുഭവിക്കുന്ന സൃഷ്ടിയെ അങ്ങ് അനുധാവനം ചെയ്യുന്നു. അങ്ങ് ഞങ്ങളുടെ ഹൃദയത്തിൽ വസിക്കുകയും നന്മചെയ്യുവാൻ ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. അങ്ങേയ്ക്ക് സ്തുതി.

ത്രിത്വൈക നാഥാ, അനന്തസ്നേഹത്തിന്റെ അത്ഭുതകൂട്ടായ്മയേ, സർവവവും അങ്ങയെക്കുറിച്ചു പറയുന്നതിനാൽ പ്രപഞ്ചത്തിന്റെ സൗന്ദര്യത്തിൽ അങ്ങയെ മനനം ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. അങ്ങു സൃഷ്ടിച്ച ഓരോ ദീവിയെയുംപ്രതി ഞങ്ങളിൽ സ്തുതിയും കൃതജ്ഞതയും ഉണർത്തണമേ. ആയിരിക്കുന്ന എല്ലാറ്റിനോടും ആഗാധമായി ചേർന്നിരിക്കുവാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ.

സ്നേഹത്തിന്റെ ദൈവമേ, ഈ ഭൂമിയിലെ എല്ലാ സൃഷ്ടികളോടുമുള്ള അങ്ങയുടെ സ്നേഹത്തിന്റെ ചാലുകൾ എന്ന നിലയ്ക്ക് ഭൂമിയിലെ ഞങ്ങളുടെ സ്ഥാനം ഞങ്ങൾക്കു കാണിച്ചുതരണമേ.

എന്തെന്നാൽ അവയിലൊന്നുപോലും അങ്ങയുടെ ദൃഷ്ടിയിൽ വിസ്മരിക്കപ്പെടുന്നില്ല. അധികാരവും പണവും ഉള്ളവരെ പ്രബുദ്ധരാക്കണമേ; ഉദാസീനതയുടെ ഭാവം അവർ ഉപേക്ഷിക്കട്ടെ, പൊതുനന്മയെ അവർ സ്നേഹിക്കട്ടെ; ദുർബലരെ അഭിവൃദ്ധിപ്പെടുത്തട്ടെ, ഞങ്ങൾ ജീവിക്കുന്ന ഈ ലോകത്തോട് അവർ കരുതലുള്ളവരാകട്ടെ. ദരിദ്രരും ഭൂമിയും നിലവിളിക്കുന്നു. ഓ, നാഥാ, അങ്ങയുടെ ശക്തിയും പ്രകാശവുംകൊണ്ട് ഞങ്ങളെ ആശ്ലേഷിക്കണമേ; സമസ്ത ജീവനെയും സംരക്ഷിക്കുവാൻ, അങ്ങയുടെ നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും രാജ്യത്തിന്റെ വരവിനായി, മെച്ചപ്പെട്ട ഒരു ഭാവിക്കായി, ഒരുങ്ങുവാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങേയ്ക്ക് സ്തുതി! ആമ്മേൻ.

**ഉപസംഹാരം**

നമ്മുടെ പൊതുഭവനത്തെക്കുറിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ 'ലൗദാത്തോ സീ' (Laodato Si - അങ്ങേക്കു സ്തുതി) എന്ന ചാക്രികലേഖനം കാലഘട്ടത്തിനു ചേർന്ന എഴുത്താണ്; ചിന്തയാണ്. പരിസ്ഥിതി വിഷയങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ ചർച്ചകളുടെയും ഇടപെടലുകളുടെയും പശ്ചാത്തലത്തിൽ ഈ ചാക്രികലേഖനം ആദ്ധ്യാത്മികമായ ഒരു ശ്രദ്ധ ക്ഷണിക്കലാണ്. പരിസ്ഥിതിയോടു ബന്ധപ്പെട്ട കാര്യങ്ങളിൽ ആദ്ധ്യാത്മികവും സാന്മാർഗികവുമായ വഴികളിലൂടെ ചരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, അത്തരം മേഖലകളെ പരിഗണിക്കേണ്ടതിനെക്കുറിച്ചും പാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്. ഈ ചാക്രികലേഖനം ഒരു ആഹ്വാനവും വെല്ലുവിളിയും മുന്നറിയിപ്പുമാണ്.

പരിസ്ഥിതിയുടെമേലുള്ള ആഘാതങ്ങൾ കുറയ്ക്കാനും പ്രതികൂലമായ അനന്തരഫലങ്ങളെ ലഘൂകരിക്കുവാനും എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതിനെക്കുറിച്ചും അക്കാര്യത്തിൽ നാം ഓരോരുത്തർക്കുമുള്ള ധാർമ്മിക ഉത്തരവാദിത്വത്തെക്കുറിച്ചും പാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്. 'പൊതുനന്മയ്ക്ക്' ഉതകുന്ന രീതിയിൽ പരിസ്ഥിതിയോട് ഇടപെടണമെന്നും, ആ തലത്തിൽ പരിസ്ഥിതിയെ ഉപയോഗപ്പെടുത്തണമെന്നുമുള്ള പാപ്പായുടെ ആഹ്വാനം ഇന്നിന്റെ തലമുറയ്ക്ക് ഒരു വെല്ലുവിളിയാണ്. ഏവരും അത് ഏറ്റെടുക്കണം. ദൈവം വിഭാവനം ചെയ്ത അനുഗ്രഹിക്കപ്പെട്ട ഒരു പരിസ്ഥിതി ഉണ്ടാകട്ടെ!

# 'മാറാനാ ഥാ'

## *പറയാതെ പറയുന്നത്...*



*"പിതാവേ,
ഈ മണിക്കൂറിൽനിന്ന് എന്നെ
രക്ഷിക്കണമേ! അല്ല, ഇതിനു
വേണ്ടിയാണല്ലോ ഈ മണിക്കൂറി
ലേക്കു ഞാൻ വന്നത്"
(യോഹ 12,27).*

**ഒ**രു വിളിപ്പാടകലെ ദൂതൻ എത്തിയിരുന്നു. അവളുടെ മുഖം അതു വ്യക്തമാക്കി. നേരിയ ഒരിടവേളയ്ക്കുശേഷം ആ മുഖം ശാന്തമായി.... വിധിതീർപ്പു കിട്ടി സമയം അറിയിച്ചപോലെ.

ലോകം ഭീതിയോടെ കാണുന്ന നിമിഷം! ഒരുങ്ങിയും അല്ലാതെയും ഓരോരുത്തരും നേരിടേണ്ട തിരുമണിക്കൂർ. ഈ തിരുമണിക്കൂറിൽ ഭാവിമഹത്ത്വം പ്രതീക്ഷിക്കുന്ന ഒരു വിശ്വാസിയുടെ നിലപാട് എപ്രകാരമാണ്? എന്റെ മുമ്പിൽ... സ്വർഗത്തിലെ ദൈവാലയത്തിൽനിന്ന് മൂർച്ചയുള്ള ഒരു അരിവാളുമായി വരുന്ന ദൂതനോ... അതോ ബലിപീഠത്തിൽനിന്നു വരുന്ന ദൂതനോ? (വെളി 6,9-10; 14,17-20).

അവൻ ആകെ പരിക്ഷീണനായിരുന്നു. ജീവിതം അവന്റെ മുമ്പിൽ വച്ചു നീട്ടിയ മാറാപ്പ് അവനെയാകെ തളർത്തിയിരുന്നു. ചിന്തകൾ കാടുകയറുന്നതിനുമുമ്പേ കുന്നിൻമുകളിലെ ആ പഴയ തിരുക്കുടുംബ ദൈവാലയത്തിൽനിന്നും മുഴങ്ങിയ സായാഹ്ന ദൈവാലയമണി അവനിൽ പ്രത്യാശയുടെ കിരണം ചാർത്തി. "ഇതിനെല്ലാം അപ്പുറം ഒരു ലോകമുണ്ട്. കണ്ണുനീരില്ലാത്ത, ആശങ്കകളില്ലാത്ത ഒരു ലോകം...". കുഞ്ഞുനാളിൽ അമ്മ പറഞ്ഞുകൊടുത്തിട്ടുള്ള ഒരു ചിത്രം... ഇപ്പോ അവന്റെയുള്ളിൽ 'മഴവില്ലാ'യി.

തിടുക്കത്തിൽ അവൻ അകത്തേക്കു കയറി. ക്രൂശിതരൂപത്തിലേക്ക് ആ കണ്ണൊന്നു പാളി. പിന്നെ കേട്ടത് ഒരു നിലവിളിയായിരുന്നു. തിന്മയുടെയും സഹനത്തിന്റെയും മുമ്പിൽ അവയുടെ അർത്ഥവും അവയിൽനിന്നുള്ള മോചനവും തേടിയുള്ള നിസ്സഹായനായ ഒരുവന്റെ നെടുവീർപ്പും വേദനയും!... ചെയ്യാത്ത കുറ്റത്തിന് താൻ നേരിട്ട പരസ്യ അപമാനം... സുഹൃത്തുക്കളുടെ ആത്മവഞ്ചന... ശിക്ഷയുടെ കാലാവധി കഴിയുമ്പോഴും... 'കിട്ടാക്കനി'യായി മാറിയ തന്റെ അമ്മ.... നീറുന്ന ഹൃദയത്തിൽ ഓർമ്മകൾ കണ്ണീരണിഞ്ഞു.

"മാർട്ടിൻ..." വിളിച്ചുണർത്തിയ നേർത്ത സ്വരം വയോധികനായ ആ വന്ദ്യപുരോഹിത

ന്റേതായിരുന്നു. വാരിപ്പുണർന്ന ആ കരവലയത്തിനുള്ളിൽ മാർട്ടിൻ പിന്നെയും എന്തൊക്കെയോ പുലമ്പി. അദ്ദേഹം അവനെ കേട്ടു... അകം ശാന്തമായി. അവനായി പുതിയൊരു വീഥി തുറക്കപ്പെട്ടു....

"വിജയംവരിക്കുന്നവൻ ഇവയെല്ലാം അവകാശപ്പെടുത്തും. ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും. എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, ദുർമാർഗികൾ, കൊലപാതകികൾ, വ്യഭിചാരികൾ, മന്ത്രവാദികൾ, വിഗ്രഹാരാധകർ എന്നിവരുടെയും സകല കാപട്യക്കാരുടെയും ഓഹരി തീയും ഗന്ധകവുമെരിയുന്ന തടാകത്തിലായിരിക്കും. ഇതാണ് രണ്ടാമത്തെ മരണം" (വെളി 21,7-8). മരണം എപ്രകാരമായിരുന്നാലും മർത്യരെല്ലാം അന്ത്യവിധിയെ നേരിടണം. നിത്യമായി അവിടുത്തോടുകൂടിയോ അതോ എന്നേക്കുമായി അകന്നോ?

"ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. വിശുദ്ധനഗരമായ പുതിയ ജറുസലേം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന്, ഇറങ്ങിവരുന്നതു ഞാൻ കണ്ടു. ... ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും. ... ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി" (വെളി 21,1-5).

"അവർ അവിടുത്തെ മുഖം ദർശിക്കും. ... ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു. അവർ എന്നേക്കും വാഴും" (വെളി 22,4-5). ദൈവത്തിന്റെ മുഖം ദർശിക്കുക എന്നത് ഏറ്റവും വലിയ പ്രത്യാശയും ഏറ്റവും ഉന്നതമായ സ്വർഗീയകൃപയുമാണ്. മോശയ്ക്കു നിഷേധിക്കപ്പെട്ട സൗഭാഗ്യമാണ് ദൈവജനത്തിനു ലഭിക്കുന്നത്.

"എന്നാൽ, കുഞ്ഞാടിന്റെ ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവർ മാത്രമേ അതിൽ പ്രവേശിക്കൂ. അശുദ്ധമായതൊന്നും, മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്ന ആരും, അതിൽ പ്രവേശിക്കുകയില്ല" (വെളി 21,27). ആകയാൽ, "... നീതിമാൻ ഇനിയും നീതി പ്രവർത്തിക്കട്ടെ. വിശുദ്ധൻ ഇനിയും വിശുദ്ധീകരിക്കപ്പെടട്ടെ" (വെളി 21,11).

ഓരോരുത്തർക്കും നല്കപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യത്താൽ, സ്വന്തം പ്രവൃത്തികൾക്കനുസൃതമായ ജീവിതത്താൽ, അവനവന്റെ വിധി നിർണയിക്കപ്പെടുന്നുവെങ്കിൽ എന്തേ ജീവചക്രമുരുളുമ്പോൾതന്നെ അവനീ 'വിധിയുടെ തുലാസ്' മനോമുകുരത്തിൽ കാണാത്തത്? "അനന്തരം, അവൻ ഉയരമുള്ള വലിയ ഒരു മലയിലേക്ക് ആത്മാവിൽ എന്നെ കൂട്ടിക്കൊണ്ടുപോയി. സ്വർഗത്തിൽനിന്ന്, ദൈവത്തിൽനിന്ന് ഇറങ്ങിവരുന്ന വിശുദ്ധനഗരമായ ജറുസലേമിനെ എനിക്കു കാണിച്ചുതന്നു. അതിന് ദൈവത്തിന്റെ മഹത്ത്വമുണ്ടായിരുന്നു" (വെളി 21,10).

ആമ്മേൻ!

***"ഇതാ, ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തം പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണു ഞാൻ വരുന്നത്" (വെളി 22,12).***

**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ലിജോ കരിന്തകരയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**: ദൈവവചനത്തിന്റെ വെളിച്ചത്താൽ ദൈവഹിതം തിരിച്ചറിഞ്ഞ പരി. അമ്മേ, ഞങ്ങളുടെ അനുദിന ജീവിതത്തിൽ ദൈവത്തിന്റെ ഹിതം അന്വേഷിക്കുവാനും സ്വർഗ്ഗീയ ഗേഹം ലക്ഷമാക്കി ജീവിക്കുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പന്ത്രണ്ടാം വയസ്സിൽ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായി ഈശോയെ കണ്ടെത്തിയ പരിശുദ്ധ അമ്മേ, ഞങ്ങളും സ്വർഗ്ഗീയ പിതാവിന്റെ കാര്യത്തിൽ നിരന്തരം വ്യാപൃതരായിരിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: പരി. അമ്മേ, നിന്നെ കുരിശിൻ ചുവട്ടിൽ പതറാതെ നിർത്തിയത് തിരുകുമാരൻ മൂന്നാം ദിവസം ഉയിർത്ത് പിതാവിന്റെ മഹത്ത്വത്തിൽ ചേരും എന്ന ഉറച്ച വിശ്വാസമാണല്ലോ. ജീവിത കുരിശുകളെ സന്തോഷത്തോടെ സ്വീകരിച്ച് പിതാവിന്റെ മഹത്ത്വത്തിൽ പങ്കുചേരാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: പരി. അമ്മേ, നീ സെഹിയോൻ ഊട്ടുശാലയിൽ ശ്ലീഹന്മാരോടൊപ്പം പ്രാർത്ഥനാനിരതയായിരുന്നപ്പോൾ പരിശുദ്ധാത്മാവിന്റെ നിറവുണ്ടായല്ലോ. അനുദിനം പരിശുദ്ധാത്മ ചൈതന്യത്തിൽ ജീവിച്ച് സ്വർഗ്ഗസൗഭാഗ്യത്തിൽ എത്തിച്ചേരുവാനുള്ള കൃപ ലഭിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരി. അമ്മേ, അങ്ങു പരലോകത്തിലെത്തിയ ഉടനെ ത്രീലോക രാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ടുവല്ലോ. സ്വർഗ്ഗീയഗേഹത്തെ ലക്ഷ്യമാക്കി ജീവിക്കുവാനും നിത്യം ദൈവത്തെ സ്തുതിച്ചാരാധിക്കുവാനുമുള്ള കൃപ ലഭിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



രണ്ടു പതിറ്റാണ്ടുകൾ
ചങ്ങനാശ്ശേരി അതിരൂപതയെ
ദൈവഹിതാനുസൃതം നയിച്ച
അഭിവന്ദ്യ ജോസഫ്
പെരുന്തോട്ടം പിതാവിന്
കൃതജ്ഞതാമലരുകൾ



നിയുക്ത കർദ്ദിനാൾ
മോൺ. ജോർജ്ജ് കൂവക്കാട്ടച്ചന്
അഭിനന്ദനങ്ങൾ



ദൈവം സമ്മാനിച്ച
പുതിയ ഇടയനായ
അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്
പ്രാർത്ഥനാശംസകൾ

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th October 2024




Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal